# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 6 ലക്കം 6 പേജുകൾ 37 സെപ്റ്റംബർ 2025


ഷഫീന സൈത്തൂൻ


എം ആർ ബാലചന്ദ്രൻ


ബഷീർ മുളിവയൽ


എസ് കെ ജയദേവൻ


കൃഷ്ണകുമാർ മാപ്രാണം


ജബീര





ജയപാലൻ കാര്യാട്ട്


രാജൻ സി എച്ച്


ഡോ രമ്യാരാജ്

കഥ, കവിത, കാർട്ടൂൺ കേരളം, പുസ്തക പരിചയം


JOS ALUKKAS
A TRADITION OF FINE JEWELLERY
വിവാഹ
പർച്ചേസുകൾക്ക്
2.99%
മുതൽ പണിക്കൂലി
5%
മുതൽ
ആരംഭിക്കുന്ന
അഡ്വാൻസ്
ബുക്കിംഗ്
*T&C Apply
Round East, THRISSUR. Ph: 0487-2331812
Shop online at josalukkas.com




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

# അകത്താളുകളിൽ

## കഥ
കൃഷ്ണകുമാർ മാപ്രാണം ...... പേജ് 19
രാജു കാഞ്ഞിരങ്ങാട് ............ പേജ് 21
കെ. സന്തോഷ് .................... പേജ് 22
അജീഷ്മോൻ .................... പേജ് 25

## കാർട്ടൂൺ
എം. ആർ. ബാലചന്ദ്രൻ ........... പേജ് 4

## പുസ്തകപരിചയം
ദർശന ............................. പേജ് 26


## ലേഖനം
ബിനു വെളിയനാടൻ ........... പേജ് 29

## ഓർമ്മ
രേഖ സി. ജി. ...................... പേജ് 31

## കുട്ടികളുടെ മഷിപ്പച്ച
വര, കവിത ........................ പേജ് 33

## കവിത
ഡോ. രമ്യാ രാജ് ആർ ............. പേജ് 5
എസ് കെ ജയദേവൻ ............. പേജ് 6
ജബീറ ............................... പേജ് 7
രാജൻ സി എച്ച് .................. പേജ് 8
ഷഫീന സൈത്തൂൻ.............. പേജ് 9
ബീന ബിനിൽ .................... പേജ് 11
ബഷീർ മുളിവയൽ .............. പേജ് 12
ജയപാലൻ കാര്യാട്ട് .............. പേജ് 13
ശ്രീജ വിജയൻ .................... പേജ് 14
സരസ്വതി ബിജു .................. പേജ് 15
ശ്രീശുഭ ............................. പേജ് 16
നുഷറ സി എച്ച് .................. പേജ് 17
നിബിൻ കള്ളിക്കാട്............. പേജ് 18


PREVAILNG FRIENDSHIP...
Modiji, You can have Chinese Soup, Russian Salad, Japanese Rice... I don't Mind...
You Mind only Russian Oil, I know..



എം. ആർ. ബാലചന്ദ്രൻ



# വഴിച്ചീന്ത്



ഡോ രമ്യാ രാജ് ആർ

ബുദ്ധന്റെ നെഞ്ചിൽ പടർന്നു കയറിയ മൂന്നിലകൾ
ആഴ്ന്നിറങ്ങി വേരു പിടിച്ചു
ചുറ്റിപ്പിടിച്ചും തിരിഞ്ഞുറങ്ങിയും
ബോധി തേടുന്ന മരച്ചിരികൾ
ഇരവറുത്ത് പകൽ തന്നുപോയ
സൂര്യനൊഴിച്ചാൽ ബാക്കിയെല്ലാം
ഇരുട്ട് കനത്തു പകൽ തന്നവയായിരുന്നു.
നരച്ച പാവാടത്തുമ്പിൽ
പുൽനാമ്പുകൾ കോറിയിട്ട മഞ്ഞു വരകൾ
വീണ്ടും വീണ്ടും വഴികളുമായ് കലഹിച്ചു കൊണ്ടേയിരുന്നു
അന്നേ മറന്നിട്ടതാണ് ഞാനാ തെരുവിനെ
മുളന്തണ്ടിന്റെ വേപഥു പുരളാത്ത
പച്ചമരത്തണലിൽ...

വഴിയില്ലാതെ വെളിച്ചം പകച്ചുനിന്ന
രാത്രികളിലൊക്കെയും
ബുദ്ധൻ ചിരിച്ചു
ചെറിയ കടലാസുതുണ്ടിൽ
പൊതിഞ്ഞു സൂക്ഷിച്ചിട്ടും
കനപ്പെട്ട് പുറത്തു ചാടി
ഭൂമിയാകെ നനച്ച മഴത്തുള്ളികളിലൂടെ
ചിരി ഉരുണ്ടുകളിച്ചു.
നീ പറഞ്ഞതിലും വൈകി നടന്ന
ഒടുവിലത്തെ പകൽക്കൊള്ളയ്ക്കു പോലും
പിടിതരാതെ
മഞ്ഞച്ച ചിരിവരമ്പുകളിലൂടെ
കാറ്റ് രാകിമിനുക്കി മൂർച്ചയൊപ്പിച്ച
ആലിലവിരാമങ്ങളിലൂടെ
കടൽ തൊടാതെ ഊളിയിട്ട്
പാതി വെന്ത മണ്ണെണ്ണവിളക്കിലെ
തിരിനാളത്തിൽ ചിരി
മാനം തൊട്ടു പരന്നു...

# രഹസ്യക്കാരൻ



എസ് കെ ജയദേവൻ

ഭൂമിക്ക്
ഒരു പാട് രഹസ്യങ്ങളറിയാം
പുറത്ത് പറയില്ല

അതിന്
പൂമണങ്ങളുടെ കൂട്ട് അറിയാം
ഇരുട്ടിനെ വെളിച്ചമാക്കുന്ന രസതന്ത്രം അറിയാം
എന്നാൽ പറയില്ല

മലഞ്ചെരുവിനെ ആകാശം ഇന്ന് ഏതു
മഞ്ഞുചേല കൊണ്ട് പുതപ്പിക്കുമെന്നറിയാം
വെയിലിൽ തണുപ്പിന്റെ സുഖം
പകരുന്ന രാസവിദ്യ
മാമ്പഴത്തിലെ മധുരത്തിന്റെ ചേരുവ അറിയാം
എന്നാൽ പറയില്ല

ഓരോരുത്തരും ജനിക്കേണ്ട സമയം
ഓരോ ദിവസവും ഇല്ലാതാക്കേണ്ടവരുടെ എണ്ണം
ചോദിച്ചു നോക്കൂ പറയില്ല

പെരുമഴ പെയ്യുന്ന ദിവസമറിയാം
വലിയ മരം പൊതുവഴിക്കു കുറുകെ
നിലംപൊത്തുമെന്ന് അറിയാം
പറയില്ല

എല്ലാം കണ്ടും കേട്ടും
ഒന്നുമറിയാത്തതിനെപ്പോലെ നിൽക്കും
പ്രകൃതി നിയമമെന്ന് നമ്മൾ
പറയുന്നതു കേട്ട് ഇടതു കൈ കൊണ്ട്
വാ പൊത്തിച്ചിരിക്കും.

# രഥവേഗം



ജബീറ

കവിത

പകൽവന്നെൻ കിളിവാതിൽ
മിഴിമുട്ടിത്തുറക്കുമ്പോൾ,
വെളിച്ചത്തിൻ
മരതകപ്പട നിരക്കും.

കിളിവന്നു രുചിനോക്കി
കലഹിച്ചു മടങ്ങും
പൂങ്കുലത്തുമ്പിൽ തിളങ്ങുന്നു
മഴച്ചിണുക്കം.

ബഹുവർണ്ണ തിരശ്ശീല
 അയലത്തെ അഴനീർത്തി,
ചുമയ്ക്കുന്നു പുകതുപ്പി
നരച്ചോരച്ഛൻ.

നിറംമങ്ങിക്കനക്കുന്ന
നിഴൽനീണ്ട വഴിയെല്ലാം
കരിയില നനഞ്ഞൊട്ടിപ്പതിഞ്ഞ കാഴ്ച.

കുറുംകുറ്റിച്ചൂലമർത്തി
യടർത്തുന്നീയിലച്ചന്തം,
വെയിൽചാറും ചെറുംചൂടിൽ
വിടർന്നുപീലി.

നനമണ്ണിൽ പൊടുന്നനെ
വിരിയുമീ ചുവർച്ചിത്രം
നിനയ്ക്കാതെ പിറക്കുന്ന
കവിത പോലെ.

പൊടിമണ്ണിൻ ചുടുകാറ്റിൽ
ജനൽമൂടിയകം പൂകീ
യൊരുകവിൾ കരക്മൊത്തി
കുടിച്ചിറക്കെ,

പകൽപോലും
 കിനാകണ്ടങ്ങൊരുമാത്ര
 കൊതിച്ചുപോയ്
ഉടലു കൊണ്ടവിടെല്ലാം
 പറന്നിറങ്ങാൻ.

കടമയ്ക്കു കടംകൊണ്ടും
കിനാവേറെ കുതിയ്ക്കുന്നു,
സമയത്തിൻ രഥവേഗം
നിലയ്ക്കുവോളം.

മധുരത്തേനുറഞ്ഞുംപോയ്
മഷിക്കൂടും മറഞ്ഞേപോയ് വിരൽത്തുമ്പിൽ
തുടിയ്ക്കുന്നക്ഷരങ്ങൾ മാത്രം.

**കവിത**

# മനസ്സിലാവുന്നത്



**രാജൻ സി എച്ച്**

അരങ്ങിൽ കവിത വായിച്ചിറങ്ങിയ
കവിയുടെ അടുത്തു ചെന്ന്
രോഷത്തോടെ ഞാൻ പറഞ്ഞു:

നിങ്ങളിന്നു വായിച്ച ഔദാര്യമെന്ന
കവിതയുണ്ടല്ലോ
അതെൻറെ ഔദാര്യമാണ്.

അതെങ്ങനെയെന്ന്
കവി അസ്വസ്ഥനായി.

അതോ,അത് ഞാൻ ജനിച്ചന്നേ
മനസ്സിൽ എഴുതിത്തുടങ്ങിയതാണ്.

നിങ്ങൾ മനസ്സിലെഴുതിയത്
ഞാനെങ്ങനെ കാണുമെന്നായി അയാൾ.

അതാണല്ലോ കവിത,
എന്നായി ഞാൻ.

എനിക്കൊന്നും മനസ്സിലാകുന്നില്ലായെന്ന്
അയാൾ ക്ഷുഭിതനായി
എന്നടുത്തു നിന്നും വേഗത്തിൽ
നടന്നു പോയി.

പിന്നെ എനിക്കാണോ
എന്തെങ്കിലും മനസ്സിലായത്?



# മുഖച്ചില്ലുകൾ



ഷഫീന സൈത്തൂൻ



ഉച്ചവെയിലിനിടയിലും വിരലുകൾ
മത്സ്യമാംസത്തിന്റെ
അളവെടുത്തു

മണംപിടിച്ച് മതിയാകാതെ
വിലപേശി, കണക്കെടുപ്പു നടത്തുന്ന
മീൻകാരനേയും വിലകൊണ്ടു ഹരിച്ചു

മീനിന്
മണം പോരാന്നുപറഞ്ഞ്
ഇതുവഴി വരുമെന്ന് പ്രതീക്ഷകണ്ണിൽ നട്ട്
കൈവിരൽ തൊറുത്തു വെച്ച
ഉണക്കമീൻവിൽപ്പനക്കാരൻ, കാത്തിരിപ്പിന്റെ
ചെതുമ്പലിളക്കി സമയത്തെ കൊന്നുകൊണ്ടിരുന്നു

അവന്റെ ശിരസ്സിലാണ്
വേവലാതിയുടെ
തിരിമുഴുവൻ കത്തുന്നത്,
ഞാൻ കണ്ടത്

തെറിച്ച കണ്ണുകൊണ്ട് ചിലർ
പെണ്ണുങ്ങളുടെ മൂടും മുലയും
നോക്കുന്നത് കണ്ടിട്ടാകും
എന്റെ വായിൽ
മുഴുത്ത രണ്ടുതെറി
തിരപോലെ
പതച്ചു വന്നത്

എന്നോട് അനുവാദംപോലും ചോദിക്കാതെ
അവ
കടലിലേക്ക്
തിരിച്ചു പോയി

'നല്ല പെടയ്ക്കണ അയല വേണോ,,
എന്നൊരു ചോദ്യമിട്ട്
ചുവന്ന മീൻചെകിളകാട്ടി
ഒരുവൻ
എന്റെ മുന്നിൽ
പ്രലോഭനത്തിന്റെ കെട്ടഴിച്ചു

പുഴമീൻ മാത്രം വാങ്ങി
അവിടെ നിന്നും
പിൻതിരിഞ്ഞു

വഴിയരികിലിരുന്ന ഉടലുകരിഞ്ഞ
ചീരയോടെനിക്ക് സഹതാപവും,
ഉള്ളിലുള്ള വെള്ളമൊളിപ്പിച്ച്
ഒരിറ്റു വെള്ളത്തിന് കണ്ണുതുറന്ന്
കരയുന്ന
തേങ്ങയോടെനിക്ക് പുച്ഛവും തോന്നി

കട്ട പിടിച്ച
പുളിയും
പഴുത്ത
മാങ്ങയും
ചിന്തയുടെ കനപ്പ് കൂട്ടി.

കഴുത്തിൽ
വളയമിട്ട,
മൺകലങ്ങൾ പ്രാരാബ്ധത്തിന്റെ
കരിവാവുകളെ ചൂണ്ടിക്കാണിച്ചുകൊണ്ട്
ഒതുങ്ങിയിരുന്നു

പൊട്ടിയടർന്ന ചിലത്
ബാല്യത്തിന്റെ
ഓർമ്മകളെ തിരഞ്ഞുപോയി..!

അക്കികളിക്കിടയിൽ
മേൽപ്പാദത്തിൽ വെച്ച്
മുഖച്ചില്ലുകളെ
ഞാൻ,
ദൂരേക്കെത്ര ചുഴറ്റിയെറിഞ്ഞിരിക്കുന്നു.?

ഇന്നും അവ
ബാല്യത്തിൽ നിന്ന് കൗമാരത്തിലേക്ക് മുറിഞ്ഞ്
മുറിഞ്ഞ്,,,
അകന്ന്
അകന്ന്,,,

സ്മൃതിമണ്ഡപത്തിലെ ചില
അരങ്ങൊഴിയലുകളും
അടുക്കളയിലെ
അരങ്ങേറ്റങ്ങളും
എന്റെ മുന്നിലങ്ങനെ
ചിതറിക്കിടന്നു,,,

പച്ചക്കറിക്കട കണ്ടതും
ഇന്നലെ തൊടിയിലെ വെണ്ടയ്ക്കയിൽ
കണ്ട പുഴുവിനെ ഓർമ്മ വന്നെന്റെ
തലയും പെരുത്തു

സഹതാപത്തിന്റെ നിഴലുപറ്റിയതുകൊണ്ടാകും,
ചീരക്കൂടാരത്തിൽ നിന്നും
രണ്ടുപിടി വാങ്ങി.

അവയോടെനിക്ക് പെരുത്ത മുഹബ്ബത്താണെന്ന്
എന്റെ ഉമ്മ എപ്പോഴും പറയും..!

ദേ,
കവല കടന്ന് ഞാൻ വീടെത്തിയിരിക്കുന്നു

'ന്റെ റബ്ബേ,,,
ഈ ചീരയപ്പടി മൂത്ത തണ്ടാണല്ലോ '
എന്ന് ഉമ്മ പരിഭവം പറഞ്ഞതൊന്നും
കേൾക്കാൻ
ഞാൻ നിന്നില്ല,

അടുക്കളയിലെ
സ്ലാബ് മുഴുവൻ
പുഴമീൻ ചെതുമ്പലുകൾ
കവിതകുറിക്കുന്നതിൽ പരാതിയില്ലേ,
എന്ന് ഞാനും മനസ്സിൽ പറഞ്ഞു.

എത്രയും പെട്ടെന്ന്
എന്നുള്ളിലെ കവിതപ്പുഴുവിനെ
പുറത്തു കളയണം

നേരെ കുളിമുറിയിലേക്ക് നടന്നു.

എന്റെ ഉടലാകെ കണ്ണുകളായിരുന്നു..!

ആരൊക്കെയോ എന്റെ നേർക്ക് തുറന്നുവെച്ച
ചുവന്ന കണ്ണുകൾ..!

# യോഗ്യായോഗ്യം



ബീന ബിനിൽ

കവിത



അന്നൊരുനാൾ ഏകയായ് ഞാൻ ആ
പഴയമുന്തിരി തോട്ടത്തിൽ മെല്ലെനടക്കവേ,

ശാന്തസുന്ദരനീലിമയിൽ നിഴൽ വീശിയ
ഇളം കാറ്റിൽ അതിരുകൾ തിരിച്ചൊരു
കുറ്റിച്ചെടികളുടെ ലാളനകളേറ്റുവാങ്ങവേ,

വഴിത്താരയിലെ റോസാപ്പൂക്കളും
ചെമ്പകവും മാദകഗന്ധമായ്
എന്നിൽ നിറയവേ,

പച്ചപരവതാനിയിലെ ഏകാന്ത
നിമിഷങ്ങളിൽ ശോകസാഗരമാമെൻ മനം,

നിസംഗതയാൽ ഇടതൂർന്ന വൃക്ഷങ്ങളാൽ
ഈർപ്പങ്ങൾ ഏറ്റുവാങ്ങവേ,

സൂര്യപ്രഭയിൽ നിർമ്മലമാം ആകാശത്തിൻ
ചൂടേറ്റുവാങ്ങിയെൻ
ദേഹം തളരവേ,

ആശ്വസിപ്പിക്കാനായ് തുണയില്ലെന്ന്
സത്യം വീണ്ടും വീണ്ടുമെന്നേ ഉണർത്തവേ,

വിട്ടുമാറാത്ത ദുഃഖത്തിൻ പൂർണ്ണവിശ്രമത്തി
ന്റെ ധന്യതയറിഞ്ഞവേളയിൽ

എനിക്കായ് ഞാൻ ഒരുക്കിയ
ഗേഹമല്ലയോ ഈ വനം,

മനുഷ്യശബ്ദങ്ങൾക്ക് അതീതമാം
ഈയരണ്യത്തിൻ നിശബ്ദതയിൽ
വനവാസികളാം മൃഗങ്ങൾതൻ
വാസമില്ലാത്തയിടമായ് എൻ താമസയിടം,

മനുഷ്യവാസയോഗ്യമാം ഭൂമിയിലെ
പാതയിലേക്ക് മൃഗങ്ങൾ പലായനം
ചെയ്യുന്ന വേളയിൽ,

മൃഗങ്ങളുടെയിത്തേക്ക് മനുഷ്യർ
ചേക്കേറുന്നത് യോഗ്യമോ, അയോഗ്യമോ?

മനുഷ്യരാൽ
വെട്ടിമാറ്റിയ കാടുകളും,
വെട്ടിനിരത്തിയ കുന്നുകളും,
പടുത്തുയർത്തിയ
കൂറ്റൻ കെട്ടിടങ്ങളും മൃഗങ്ങൾക്ക്
വാസയിടം ഇല്ലാതാക്കിയില്ലേ?

സ്വയിടം നഷ്ടമായവർ മറ്റൊരുയിടം
തേടിയെത്തും നിശ്ചയം അതാണല്ലോ
മൃഗങ്ങളും ചെയ്യുന്നതും,
സുനിശ്ചയമതുതാൻ സത്യം.

# എന്റെ കവിത കാത്തിരിക്കുന്നു





ബഷീർ മുളിവയൽ

കവിത

കാമുകനാൽ വഞ്ചിക്കപ്പെട്ട ഒരു സ്ത്രീ എന്നെ കാണാൻ വന്നു
പ്രേമനൈരാശ്യത്താൽ മുറിവ് പറ്റിയ ഹൃദയം എനിക്കു നൽകി
പകരം ഞാനവൾക്കൊരു പ്രണയ കാവ്യം നൽകി

അവഗണനകൊണ്ട് മുറിപ്പെട്ട മനസുമായി ഒരു യുവാവ് എന്നരികിലെത്തി
ഞാനവന് പരസ്പര സ്നേഹത്തിന്റെ കഥ പറഞ്ഞു കൊടുത്തു
മുറിപ്പെട്ട മനസ്സ് എനിക്ക് ദാനം ചെയ്തു അവൻ പോയി

യുദ്ധത്തിൽ മക്കൾ നഷ്ടമായ അമ്മ
തന്റെ നിറഞ്ഞ മാറും , കണ്ണുകളുമായി എന്നെ അന്വേഷിച്ചു വന്നു
അവർക്ക് ഞാൻ സമാധാനത്തിന്റെ ചരിത്രങ്ങൾ വായിച്ചു കേൾപ്പിച്ചു
അവരുടെ സങ്കടങ്ങൾ എന്നിലേക്ക് പകർന്ന് തിരിച്ചു പോയി

ഏകാധിപതിയുടെ ആക്രമണത്തിൽ രാജ്യം നഷ്ടപ്പെട്ട അഭയാർത്ഥികൾ
നിരാശയുടെ ഭാണ്ഡങ്ങളും വിണ്ടുകീറിയ പാദവുമായി എന്നെ തേടി വന്നു
അവർക്ക് ഞാൻ അതിരുകൾ മാഞ്ഞു പോയ ഭൂപടം സമ്മാനിച്ചു
അവർ നിരാശകൾ എന്റെ മുന്നിൽ പൊഴിച്ചു നടന്നു നീങ്ങി

എല്ലാവരാലും തിരസ്കൃതനായ ഒരു പാപി
ഒളിച്ചും , പാത്തും എന്റെ വീട്ടിൽ എത്തി
പരിത്യാഗത്തിന്റെ അധ്യായങ്ങൾ പാരായണം ചെയ്യാൻ പ്രേരിപ്പിച്ചു
പശ്ചാത്താപത്തിന്റെ നീരുറവയിൽ ദാഹമകറ്റി അയാൾ തീർത്ഥാടനത്തിന് പോയി

ഇനിയും പലരും വരാനുണ്ട് ,
വഴിയിൽ ആരോ വിതറിയ വാക്കുകളാൽ മുറിഞ്ഞു ചോരയൊലിക്കുന്നവർ
അസൂയയുടെ വിഷം തീണ്ടി ജീവിതം
നീലിച്ചു പോയവർ
മൗനത്തിന്റെ ഗർത്തങ്ങളിൽ തടവിലാക്കപ്പെട്ടവർ
അഹങ്കാരത്തിന്റെ ദംഷ്ട്രകൾ പതിഞ്ഞു മുറിഞ്ഞു ചോരവാർന്നു പോയവർ

പരിത്യാഗികൾക്കൊപ്പം ചേർന്ന്
സർവ്വം ഉപേക്ഷിച്ചുബുദ്ധനാകാൻ
മുൾക്കിരീടം ചൂടിയവരോടൊപ്പം നിന്ന്
കുരിശിലേറി പുനർജനിച്ചു യേശുവാകാൻ
ദേശം നഷ്ടപ്പെട്ടവർക്കൊപ്പം കൂടി ഹിജ്റ പോയി നബിയാകാൻ
അടിമത്വങ്ങൾക്കെതിരെ സത്യാഗ്രഹം നടത്തി ഗാന്ധിയാകാൻ എന്റെ കവിത കാത്തിരിക്കുന്നു .

# അധിനിവേശം

കവിത



ജയപാലൻ കാര്യാട്ട്

നാണമാകുന്നെനിക്കിന്നും മനസ്സിന്റെ
മായാവിലാസങ്ങളോർക്കെ.
വിണ്ണിലെത്താരകൾ മണ്ണിലിറങ്ങുന്ന
സ്വർഗ്ഗീയ സുന്ദര നിമിഷം.
നഗ്നമാം ചിന്തകളൂതിപ്പെരുക്കിയാ-
പൂമുഖ വാതിലിൽ മുട്ടി.
ഈണമിട്ടെന്നുമുണരുന്ന പൊൻവീണാ-
നാദങ്ങൾ നുള്ളിയുണർത്തി.
വേദാന്തചിന്തയ്ക്കവധിയായ് ലൗകിക
ചിന്താസരണി വിമൂകം.
നിത്യവിശുദ്ധിതൻ പൂമേനി കയ്യേറി
ചാർത്തിയധികാരമുദ്ര.
നീതിമറന്നു ഞാനാടിയ ലീലക-
ളാനെഞ്ചിൽ പോറലായ് നീറി.
ഉള്ളിൽ നെരിപ്പോടു കത്തിച്ചു നീറുന്ന
നെഞ്ചകമാർത്തു കേഴുമ്പോൾ
തോരാത്ത കണ്ണുനീർച്ചാലായ് കവിളിന്റെ
കുങ്കുമവർണ്ണങ്ങൾ മാഞ്ഞു.
നെഞ്ചിലെരിഞ്ഞമർന്നൊന്നായ് പതിക്കുന്ന
നൊമ്പരപ്പൂവിനു മൗനം.
അകലുമൊരർക്കന്റെ അന്തിത്തുടിപ്പുപോ-
ലലകളിൽ മായും കിനാക്കൾ.
കാണാമറയത്തു കാതോർത്തൊരുൾത്തടം
കാത്തിരിപ്പൂ പ്രതിക്കൂട്ടിൽ.
തെന്നിച്ചിതറിത്തെറിക്കുന്ന മോഹത്തിൻ
മാറാപ്പിലാ തേങ്ങൽ വീണ്ടും!



കവിത

# മരണഫലകം



ശ്രീജ വിജയൻ



ചില മരണങ്ങൾ വീടുകളെ
വല്ലാതെയൊറ്റപ്പെടുത്തും.
ഫലങ്ങൾ നൽകി
തണലേകി
പടർന്നു പന്തലിച്ച
വൃക്ഷമുണ്ടാക്കുന്ന പതനം പോലെയാകുമത്.
ശൂന്യത പൂരിപ്പിക്കാനാവാതെ ,
ആകാശത്തിലെ വിടവ്.

വിടർന്നു കൗതുകം നിറച്ച് പൂക്കൾ
കാറ്റിൽകൊഴിഞ്ഞു
പോകും മട്ടിലും മരണമുണ്ട്.
പരിതപിച്ച്,
വിധിയെ സദാപഴിച്ചു കൊണ്ടിരിക്കും.

നേരിൽ കണ്ടിട്ടോ
മിണ്ടിയിട്ടോ
പരസ്പരം പുഞ്ചിരി
സമ്മാനിക്കുകയോ
ചെയ്യാതിരുന്നിട്ടും
കേട്ടുകേൾവിയിൽ
കടന്നുപോകുന്ന
ക്ഷണിക ഭംഗിയായും
ചില മരണങ്ങളുണ്ട്.
വാർത്തയിലും,
വർത്തമാനത്തിലും നിറഞ്ഞ്
നിരന്തരം വേദനിപ്പിച്ചു
കൊണ്ടേയിരിക്കും.
വർണശബളജീവിത കഥകൾ
തിരഞ്ഞു കൊണ്ടേയിരിക്കും.
മരിഞ്ഞവന്റെ
മാനസികാവസ്ഥയറിയാതെ
പൊതുതത്വങ്ങൾമെനയും.
ഓർമകളിൽ ചേതസ്സുറ്റതാകുന്ന
മരണങ്ങളുണ്ട്.

തിരിച്ചു വന്നെങ്കിലെന്ന്
വെറുതെ നിനക്കുന്നവ.
അസാന്നിധ്യം വാക്കുകളിലും -
വർഷങ്ങളിലും
കൃത്യമായി ഓർമിപ്പിക്കുന്നവ.
ആശ്വാസമെന്ന് ചിന്തിപ്പിക്കുന്ന
മരണത്തിനെപ്പോഴും
ദുരിത ദൈന്യ പശ്ചാത്തലമായിരിക്കും.
പലകാലത്തും,
പല രീതികളിൽ
മരണപ്പെട്ടവരെ,
സ്മരണകളുടെ-
കുമ്പസാരക്കൂട്ടിൽ നിർത്തും.
മരിച്ചവരുടെ ഭാഷ
ജീവിതത്തിന്റേതല്ലാത്തതിനാൽ
മുൻധാരണകൾ
മാത്രമാവും തുണയാവുക.
തെളിച്ചമുള്ള എഴുത്തിനു ശേഷം
ഒഴിഞ്ഞു പോകുന്ന മഷി നിറയ്ക്കാനാവാത്ത
പേന പോലെ.
നൂതന പര്യവേക്ഷണത്തിനാ
യൊരു പേടകം
മരണാനന്തരലോകത്തിലേക്കും
അയച്ചു നോക്കണം.
മരണ ലോകത്തിന്റെ -
ഘടനയറിഞ്ഞിരിക്കാമല്ലോ.

കവിത

# അപൂർണ്ണം



സരസ്വതി ബിജു



മനസിൽ നിന്ന് ഒരിക്കലും അണയാത്ത
പ്രണയത്തെക്കുറിച്ച് ഇനിയെന്ത് പറയാൻ

ഒരു മിക്കാൻ കഴിയാത്ത പ്രണയത്തിന്റെ
നിരാശയുടെ തീവ്രത വെറുതേ
നെടുവീർപ്പിലലിയുന്നു.

ഇനിയില്ല, മറന്നു എന്നു കരുതുമ്പോഴൊക്കെ
കോറിയിട്ട ഏതെങ്കിലും അടയാളങ്ങൾ
ഓർമ്മപ്പെടുത്താൻ ഓടി വരും
ചില തോന്നലുകൾ അവനവനിൽ
മാത്രമൊതുങ്ങുമ്പോൾ പ്രണയിച്ചിട്ടില്ലേയെന്ന
വിഹ്വലതയോടെ
അനന്തതയിൽ ലയിച്ചേക്കാം

എന്നെങ്കിലും കട്ടെടുക്കണമെന്നു കരുതിയ
ചുംബനങ്ങളൊക്കെ
ഒരിക്കലും സഫലമാകാതെ
സ്വപ്നങ്ങളിലുറങ്ങുന്നുണ്ടാകാം

കടലോളം ആഴമുള്ള കണ്ണിലെ
പ്രണയം നെഞ്ചിനുള്ളിൽ
നെരിപ്പോടൊരുക്കുന്നു.

രാത്രികൾ പ്രണയിച്ചതിന്റെ
കാരണമറിയാത്ത ചോദ്യത്തിന്റെ
ഉത്തരം തേടുമ്പോൾ
ഇനിയും താണ്ടേണ്ട വഴിയുടെ
വലുപ്പം കാട്ടി പേടിപ്പിക്കുന്നു.
കാണാതെ കണ്ട വഴികളൊക്കെ
നടന്ന് തീർത്ത ഇടങ്ങളൊക്കെ
പുഞ്ചിരിയുടെ മഴവില്ല് വിളയിച്ച
നിലങ്ങളൊക്കെ കാണാത്ത ഭാവത്തിൽ
കണ്ണ് പൊത്തി കളിക്കുന്നുണ്ടാകാം.
കാണാതാകുമ്പോൾ അകം കരിഞ്ഞു
കത്തിയ കനലുകൾ
മേലേരിയേക്കാൾ ചൂടുതോന്നിയ
വഴികളൊക്കെ കരിക്കട്ടകളായി
ഓർത്ത് വെച്ച് പക വീട്ടുന്നു.

ഒടുവിൽ കണ്ണകന്ന്
മനസ്സകന്ന്
നീയും ഞാനുമില്ലാതെ
നമ്മളില്ലാതെ പരസ്പരം
ക്ഷമയെ പരീക്ഷിച്ച്
നമ്മിലൊരാളുടെ കല്ലറയിൽ
പൂക്കൾ വെക്കുമ്പോൾ
പ്രണയം അനശ്വരമാകുന്നു.

കവിത

# മലർവാക പെയ്തൊഴിയുമ്പോൾ



ശ്രീശുഭ

ഭൂമിയെ ചുംബിച്ച മലർവാകേ നിൻ
ചുവട്ടിൽ പൊഴിഞ്ഞു പോയതെൻ
കൗമാരമോ സ്വപ്നങ്ങൾ കേട്ടു തഴമ്പിച്ച
കാതുകൾ മാത്രമോ നിനക്കു കൈമുതലായ്
പ്രണയം വിടരും നിമിഷങ്ങളിൽ
തുടികൊട്ടി തുളുമ്പും നിൻ മനസ്സ്
നിൻ ചുവപ്പിൻ ചിരി പടരവേ
സന്ധ്യയെ പൂശി നിറച്ചിടുന്നു
അന്തിസൂര്യനു നാണം തോന്നുവതെങ്കിലും
പുഞ്ചിരിക്കിടയിൽ വിടരും പ്രഭാതങ്ങളും
കൈപിടിക്കും ഇണകൾ തൻ
കനൽ നിറയും മനസ്സിനാർദ്രമാക്കും
നിൻ സൗന്ദര്യ കാഴ്ച ആർക്കു സമർപ്പിച്ചു
സ്നേഹാർദ്രമാം ചാറ്റൽലേൽക്കും നിൻചുവടുകൾ
കേൾക്കാതെ പോയതു എൻകഥ മാത്രമോ
മഞ്ഞണിഞ്ഞ വൃശ്ചിക പുലരികളിൽ
നീ പെയ്തിറങ്ങിടുമ്പോൾ
പൂമെത്തയായത് എൻ ഹൃദയം
കവരാൻ കൊതിച്ചവർക്കോ
അതിലാകെ പടർന്നത് എൻ
ചെഞ്ചോര കണങ്ങൾ മാത്രവും
മറക്കുവാൻ വേണ്ടി മിഴികൾ പൂട്ടവേ
ഓർമ്മകൾ നിറയ്ക്കും നിൻ നിഴലുകൾ
നിലാവിൽ തെളിഞ്ഞ നിൻ
വർണ്ണാഭമാം ശിഖിര കാഴ്ചകൾ
കൊലുസ്സിൻ കിങ്ങിണിയൊച്ചക്കൊപ്പം
മിടിച്ചതു നിൻ ഹൃദയം മാത്രമല്ലോ
പുസ്തക താളുകൾക്കപ്പുറമീ പൂമുറ്റം
നിന്നെ പ്രണയിച്ച കലാലയം
മറവി തൻ മാറിൽ തലവയ്ക്കവേ
യാത്ര ചൊല്ലിയതെന്നോടു മാത്രമോ
മൗനം വാചാലമാകും നിൻചുവടുകൾ
കേൾക്കാതെ പോയതും എൻ കഥ മാത്രമോ
കേൾക്കാതെ പോയതും എൻ കഥ മാത്രമോ



# നിലക്കാത്ത ശബ്ദം

**കവിത**



ഭൂമി പിളരുന്നു
ഭൂലോകവും വിറക്കുന്നു
മുഴക്കത്താൽ മണ്ണിലമരുന്നു
സ്ഫോടനങ്ങൾ
ഞെട്ടിത്തെറിച്ച് പൊട്ടി
തകരുന്നു
ജീവനും ജീവിതവും
മുഴങ്ങുന്നത് ബോംബുകളല്ലാ
മിടിക്കുന്ന പ്രാണന്റെ പിടച്ചലാണ്.
പടരുന്ന തീ ചുവപ്പിൽ
പിഞ്ചു പൈതങ്ങളുടെ
ചെഞ്ചുണ്ടുകളിലെ
പൂ പുഞ്ചിരിയെ തല്ലിക്കൊഴിക്കുന്നു
ചുറ്റിലും ചുടു ചോരയാണ് .
തകരുന്ന കെട്ടിടങ്ങളിലാകെ
അകം നിറച്ച കിനാവുകളാണ് .
കരള് കത്തി കനിവ് തേടി
നീട്ടുന്ന കരങ്ങളിലും
നെഞ്ചിലും തുളയുന്നു
വെടിയുണ്ടകൾ
ക്രൂരതയുടെ കരാളഹസ്തം.
ദിനമിങ്ങനെ തുടരുന്നു
മനുഷ്യ മൃഗങ്ങളുടെ വേട്ട
സർവ്വനാശത്തിലും
വേട്ടക്കാരൻറെ മാറിനു നേരെ
മുന കൂർത്തു വരുന്നുണ്ടൊരു
'ഭും' തിളങ്ങുന്നൊരായുധം .
പട്ടിണിയിലെല്ലും തോലുമായി
ഉള്ള് വേവുന്ന ജനതയെ
പൊള്ളിച്ചടർത്താൻ
കെല്പുള്ളൊരായുധം..



**നുഷറ.സി എച്ച്**

കവിത

# പ്രണയരേഖകൾ



നിബിൻ കള്ളിക്കാട്

### 1) മൊഴി

\---------------------

ഒരുവാക്കിനക്കരയിക്കരെ നിൽക്കുന്നു
നമ്മളറിയാതെ മോഹിച്ച ജീവിതം

### 2) മോഹം

\----------------------

മതിവരാത്തൊരു പുഞ്ചിരിക്കന്നമായി-
ഭ്രാന്താലയത്തിൽ മയക്കും പ്രണയമേ..

### 3) യാത്ര

\----------------

വറുതിവേനലിൽ ഞെരിപിരികൊള്ളുന്ന
ഒരുമഴത്തുള്ളിക്കും കാറ്റിനോടാസ്നേഹം

### 4) ദിശ

\----------------

സ്വപ്നത്തിലാത്മഹത്യ ചെയ്തയോർമ്മയെ
ആത്മാവിനാഴത്തിലൊളിപ്പിച്ച പ്രണയമേ

### 5) പൂക്കാലം

\----------------------

ആഗ്രഹച്ചുണ്ടുകൾ കൊത്തിപ്പറിക്കാതെ
ജീവിതപ്പൂവിൽ നാം കാണുമോ പൂക്കാലം

### 6) ദൂരം

\--------

എത്രനിലാവുകൾ വന്നുപോയെങ്കിലും
ഇന്നുമമാവാസിയായ് നീ തന്നയോർമ്മയിൽ

### 7) സ്മൃതി

\-----------------------

നോക്കൂ പ്രണയസാഗരത്തിലഴുകി
സ്മൃതിജഡങ്ങളാം നമ്മുടെ ജീവിതം

### 8) മറവി

\----------------------

ഓർമ്മയിലന്നേ കൊഴിഞ്ഞിരിക്കുന്നു -
നീ പറിച്ചെറിഞ്ഞയെൻ പുഞ്ചിരിമൊട്ടുകൾ

### 9) ആഴം

\--------------------

ആഴത്തിൽ വേദനയുണ്ണും മനസ്സിന്റെ
ദൂരത്തിലാണിന്നും നിന്നോർമ്മ മുറിവുകൾ

### 10) ഉത്തരം

\----------------------

ദുഃഖത്തിൻ വരമഞ്ഞൾക്കളത്തിനഴലാണ്ട -
സ്വപ്നമേ നിനക്കെന്തു മറുപടിയോതുവാൻ





കൃഷ്ണകുമാർ മാപ്രാണം

# മുത്തശ്ശി

ഒരു മാവുതേടി ഞാൻ എന്റെ ഗ്രാമത്തിലേക്ക് യാത്ര തുടർന്നു. വെറുമൊരു മാവായിരുന്നില്ല അത്.

എന്റെ മുത്തശ്ശിക്ക് വളരെ പ്രിയപ്പെട്ട, വീട്ടുമുറ്റത്ത് തലയുയർത്തി നിന്നിരുന്ന

ഒരു മാവ്. വർഷങ്ങൾക്കിപ്പുറം,

ആ വീടും പറമ്പുമെല്ലാം അന്യമായെങ്കിലും ആ മാവിൻചുവട്ടിലെ ഓർമ്മകൾക്ക് ഇന്നും എന്റെ മനസ്സിൽ തളിരുണ്ട്. കാലം ഒരുപാട് മാറ്റിമറിച്ച വഴികളിലൂടെ ഞാൻ നടന്നു നീങ്ങി.

ഇരുപത് വർഷമായി ഞങ്ങൾ ആ ചുറ്റുപാടിൽനിന്ന് മാറിയിട്ട്. എന്റെ ബാല്യം പിന്നിട്ട വഴികൾ, കളിച്ചു വളർന്ന നാട്ടിട വഴികൾ. അവയെല്ലാം മാഞ്ഞുപോയിരുന്നു. ചുറ്റും ടാറിട്ട റോഡുകൾ, ഇരുവശങ്ങളിലും നിറയെ പുതിയ കെട്ടിടങ്ങൾ. ഓർമ്മകളിൽ മാത്രം ഒതുങ്ങി നിന്ന ആ പഴയ ഗ്രാമത്തിന്റെ ഒരു കണികപോലും അവിടെയുണ്ടായിരുന്നില്ല.

ആ ഗ്രാമം ഇത്ര പെട്ടെന്ന് ഒരു പട്ടണമായി മാറിയത് എന്നെ അത്ഭുതപ്പെടുത്തി.

പ്രതീക്ഷ നശിച്ച് ഞാൻ അലഞ്ഞുതിരിഞ്ഞു നടക്കുമ്പോൾ കുറച്ച് ദൂരം പിന്നിട്ടതും ഒരു ഇടവഴി കണ്ടു. മനസ്സിൽ ചെറിയൊരു തോന്നൽ, പ്രതീക്ഷയുടെ ഒരു തിരിനാളം മിന്നി. ഒരുപക്ഷേ, ഇതായിരുന്നോ ആ വഴി? എത്രയോ മാറിയിരിക്കുന്നു ഇവിടം.

ഈ ഇടവഴി എന്നെ ലക്ഷ്യസ്ഥാനത്തേക്കെത്തിച്ചേക്കാം എന്ന് എന്റെ മനസ്സ് മന്ത്രിക്കുന്നതുപോലെ തോന്നി.

ഇടവഴിയിലൂടെ കുറച്ചുദൂരം നടന്നപ്പോൾ എനിക്ക് അവിടം പരിചിതമായി തോന്നി. ഒരു ആത്മബന്ധം എന്നെ മുന്നോട്ടു നയിച്ചു ഓടിട്ട ഒരു കൊച്ചുവീട് കണ്ടു. ഞാൻ പതിയെ അവിടേക്ക് നടന്നു.  എന്റെ പഴയ വീടിനെ ഓർമ്മപ്പെടുത്തുന്ന ആ വീടിന്റെ ഉമ്മറത്ത് ഒരു വയോധിക തിണ്ണയിൽ ഇരിക്കുകയായിരുന്നു. ഞാൻ നിന്നു.

എന്റെ നെഞ്ചിൽ പെട്ടെന്ന് ഒരു പിടച്ചിൽ. മുത്തശ്ശിയുടെ അതേ രൂപം! ഞാൻ അവരെ സൂക്ഷിച്ചു നോക്കി. അവരുടെ കണ്ണുകളിൽ ഒരുതരം ശാന്തതയുണ്ടായിരുന്നു.

'ആരെയാ മോനേ.... തിരയുന്നത്?'

അവർ വാത്സല്യം നിറഞ്ഞ സ്വരത്തിൽ ചോദിച്ചു.

'ഞാൻ... ഞാൻ എന്റെ മുത്തശ്ശിയുടെ വീട് തിരക്കി വന്നതാണ്. ഇവിടെ അടുത്തായിരുന്നു ഞങ്ങൾ താമസിച്ചിരുന്നത്. വികസനം വന്ന് ഈ സ്ഥലം തിരിച്ചറിയാൻ കഴിയാതായി.

പിന്നെ ഇവിടെ മുറ്റത്ത് പടർന്നു പന്തലിച്ച ഒരു മാവുണ്ടായിരുന്നു... മുത്തശ്ശി നട്ട് നനച്ച് വളർത്തിയത്... അതിലെ മാങ്ങയ്ക്ക് എന്ത് സ്വാദായിരുന്നു... പക്ഷേ, അത് ഇവിടെ എവിടെയാണെന്ന് എനിക്ക് കണ്ടുപിടിക്കാനായില്ല.... ഇതാണോ എന്ന് ഒരു സംശയം....'

ഞാൻ പറഞ്ഞു.

മാവ് എവിടെയും കാണാഞ്ഞതുകൊണ്ട് ഒരുപക്ഷേ വീട് എനിക്ക് തെറ്റിയതോ, അതല്ലെങ്കിൽ മാവ് മുറിച്ചു കളഞ്ഞിരിക്കാമെന്നോ ഞാൻ ധരിച്ചു.

'മോൻ ഇവിടെ വരെ വന്നതല്ലേ... മോൻ വാ... കയറിയിരിക്ക്,...."

ആ മുത്തശ്ശി എന്നെ ക്ഷണിച്ചു

"ഈ വീട് കുറെ വർഷങ്ങളായി...ഞാൻ ഇവിടെ വന്നിട്ടും.... '

അവർ എന്തോ പിറുപിറുത്തു.

ഞാൻ ആ ചെറിയ വീട്ടിലേക്ക് കയറി. അപ്പോൾ എനിക്കൊരു ഓർമ്മ വന്നു, അന്നത്തെ ആ ചെറിയ വീട് ഇതുപോലെ തന്നെയായിരുന്നു. ആ മണ്ണ് കുഴച്ച ചുമരും കല്ല് കെട്ടിയ തിണ്ണയുമെല്ലാം എന്റെ കുട്ടിക്കാലം മുതൽ കണ്ടിട്ടുള്ളതുതന്നെ. ഞാൻ അമ്പരപ്പോടെ നിന്നു.

'ഇത് തന്നെ...ആ വീട്...പക്ഷേ മുറ്റത്തെ മാവ് അപ്രത്യക്ഷമായിരിക്കുന്നു.'

'ഇവിടെ ആകെ ചെളിയാ... ഞാൻ ഒരു പായ കൊണ്ടുവരാം...' ആ മുത്തശ്ശി ഒരു കൈതോലപ്പായ കൊണ്ടുവന്നു. ഞാൻ അതിലിരുന്നു.

'മോനെ... നീ ഇവിടെ വരെ വന്നതല്ലേ... എന്തെങ്കിലും കഴിക്കാം... മാങ്ങ നിനക്ക് വലിയ ഇഷ്ടമാണല്ലേ... ഞാൻ നോക്കട്ടെ...'

അതും പറഞ്ഞ് ആ മുത്തശ്ശി മുറ്റത്തേക്കിറങ്ങി. ഞാനും എഴുന്നേറ്റ് മുത്തശ്ശി പോയ ഭാഗത്തേക്ക് നോക്കി.

അതെ! ഞാൻ അന്വേഷിച്ച ആ മാവ്, അത് മുറ്റത്ത് തന്നെ പടർന്നു പന്തലിച്ച് നിൽക്കുന്നു! അതിൽ നിറയെ മാമ്പഴം! ഞാൻ അമ്പരന്നു. ആ മുത്തശ്ശിയുടെ കയ്യിൽ നിറയെ മാമ്പഴം. അവർ എന്റെ മുഖത്തേക്ക് നോക്കി പുഞ്ചിരിച്ചു.

'മോൻ ഈ മാവിനെ തേടിയല്ലേ വന്നത്? ഇത് ഇവിടെത്തന്നെയുണ്ട്... ഇതിൽനിന്നുള്ള മാമ്പഴം... നീ ഇഷ്ടംപോലെ തിന്നോളൂ.'

ഞാൻ ഞെട്ടിപ്പോയി. വർഷങ്ങൾക്കു മുൻപ് വേർപ്പെട്ടുപോയ എന്റെ മുത്തശ്ശി, അതാ മുന്നിൽ! അപ്രതീക്ഷിതമായി കണ്ടുമുട്ടിയ ഈ അതിഥി, എന്റെ മുത്തശ്ശി തന്നെയായിരുന്നോ? അവർ എന്നെ മാവിൻചുവട്ടിലേക്ക് നയിച്ചു.

വർഷങ്ങൾക്കു ശേഷവും അതേ തലയെടുപ്പോടെ ആ മാവ് അവിടെ നിൽക്കുകയാണ്.

എന്റെ കണ്ണുകളിൽനിന്ന് ആനന്ദക്കണ്ണീർ ഒഴുകി. ഞാൻ കണ്ടുമുട്ടിയ മുത്തശ്ശി എനിക്ക് മാമ്പഴം മാത്രമല്ല തന്നത്.

എന്റെ വേരുകളെക്കുറിച്ചും ഓർമ്മകളെക്കുറിച്ചുമാണ്.

ഒരു പുതിയ തിരിച്ചറിവായിരുന്നു അത്.

ഞാൻ പെട്ടെന്ന് കണ്ണു തുറന്നു.

വെയിൽ മുറിയിലേക്ക് പടർന്നു കയറിയിരുന്നു. ജനലഴിയിൽ ഒരു മാമ്പഴം ഇരിക്കുന്നത് കണ്ട് ഞാൻ അമ്പരന്നു നിന്നു. ●

കഥ

# പരിണാമം



രാജു കാഞ്ഞിരങ്ങാട്



**അ**യാൾക്ക് ചെടികളും പൂക്കളും വളരെ ഇഷ്ടമായിരുന്നു. ഒരിക്കൽ അയാളൊരുചെടി വാങ്ങിക്കുവാൻ പോയി.

അവിടെയുള്ള ഒരു ചെടിയിലെ പൂവ് അയാളെ നോക്കി ചിരിക്കുന്നതായി തോന്നി. വീട്ടകങ്ങളിൽ വളർത്തുന്ന ഒരിനംചെടിയായിരുന്നു അത്. അയാൾ ആ ചെടിയെ തന്റെ കിടപ്പുമുറിയിൽ കൊണ്ടു വച്ചു.

രാത്രിയിൽ തിളങ്ങുന്ന ആ പൂവിൽ ജീവൻ തുടിക്കുന്നതായ് തോന്നിയ അയാൾ എന്നും രാത്രിയിൽ കുറേ നേരം അതിനെ തലോടി നിൽക്കുമായിരുന്നു.

സ്നേഹതലോടലേറ്റ പൂവ് മെല്ലെ മെല്ലെ രാത്രിയിൽ സുന്ദരിയായ ഒരുസ്ത്രീയായ് മാറുകയും പകൽ പൂവായി തീരുകയും ചെയ്യുക പതിവായി.



കെ.സന്തോഷ്



# പച്ച ഉടുപ്പിട്ട കുട്ടി

**പ**ച്ചയെന്നു പറഞ്ഞാൽ, വെറും പച്ചയല്ല,തത്തമ്മ പച്ചയുമല്ല.

നല്ല നല്ല പച്ച നെറത്തില്...

അങ്ങനെ ഒരു ഉടുപ്പായിരുന്നു കുട്ടിക്ക് വേണ്ടത്.ബന്ധുവിന്റെ വിവാഹത്തിന് എല്ലാവരും വിലകൂടിയതും, പുതിയ ഫാഷനുള്ളതുമായ വസ്ത്രങ്ങൾ വാങ്ങാൻ പദ്ധതിയിട്ടപ്പോൾ, കുട്ടിക്ക് വേണ്ടത് ഒരു പച്ച ഉടുപ്പായിരുന്നു.

മുതിർന്നവർ ചോദിച്ചു:

നെനക്കെവിടുന്ന് കിട്ടി,ഇപ്പൊ ഈ പച്ചനിറത്തിലുള്ള ഉടുപ്പ്?

രണ്ടു ദെവസമായല്ലോ തൊടങ്ങിയിട്ട്.

കുട്ടി കൊഞ്ചലോടെ പറഞ്ഞു:

അത് നമ്മള്,അന്നൊരീസം കണ്ടില്ലേ,കാർട്ടൂണിൽ.മാനത്തൂടെ പറക്കണ പച്ചയുടുപ്പിട്ട കുട്ടി!..എല്ലാരെം പറന്നു ചെന്ന് രച്ചിക്കണ...

മുതിർന്നവർ വസ്ത്രം വാങ്ങാൻ പുറപ്പെട്ടപ്പോൾ കുട്ടി അവരെ വീണ്ടും ഓർമ്മപ്പെടുത്തി;

മറക്കെല്ലേ എന്റെ പച്ചയുടുപ്പ്,

വെറും പച്ചയല്ല കേട്ടോ...

ഒടുവിൽ കുട്ടി ആഗ്രഹിച്ച ഉടുപ്പു തന്നെ കിട്ടി,

നല്ല പച്ച നിറത്തിലുള്ള...

കുട്ടി സന്തോഷം കൊണ്ട് തുള്ളിച്ചാടി.

വിവാഹം പിന്നെയും ചില ദിവസങ്ങൾ കൂടി കഴിഞ്ഞായിരുന്നു.

ആ ദിവസങ്ങൾ വളരെ വളരെ ദൂരെയാണെന്ന് കുട്ടിക്ക് തോന്നി.കുട്ടി മുതിർന്നവരോട് ചോദിച്ചു:

ഇനീം എത്രീസമുണ്ട് കല്യാണത്തിന്?

ആദ്യമാദ്യം മുതിർന്നവർക്ക് അതൊരു തമാശയായിരുന്നു.പിന്നെ ഒരു സൊല്ലയായി മാറി.ക്ഷമകെട്ടപ്പോൾ അവരിൽ ഒരാൾ ദേഷ്യപ്പെട്ടു,

ഒന്ന് പോകുന്നുണ്ടോ ശല്യം ചെയ്യാതെ...

കുട്ടി വിങ്ങി വിങ്ങി കരഞ്ഞു.അതിന്റെ കരച്ചിൽ കണ്ട് സഹിക്കാൻവയ്യാതെ , നേരത്തെ ദേഷ്യപ്പെട്ട ആൾ തന്നെ അലമാരയിൽ നിന്നും ഉടുപ്പ് എടുത്തു നൽകി.കുട്ടി ഉടുപ്പ് കിട്ടിയപാ

ടെ മണത്തു, എന്നിട്ട് ആഹ്ളാദത്തോടെ ഓർത്തു,

ഇല്ല, മണം എങ്ങും പോയിട്ടില്ല!..

അങ്ങനെ കല്യാണ ദിവസം വന്നെത്തി.പച്ചയുടുപ്പിട്ട് ഒരു പച്ചത്തുള്ളനെപ്പോലെ കുട്ടി അവിടെയെല്ലാം കിലുകിലാ ചിരിച്ച് ഓടി നടന്നു.വിവാഹം അകലെയുള്ള ഗ്രാമത്തിലായിരുന്നു.വിവാഹം കൂടാൻ അവർ വണ്ടിയിലാണ് പോയത്.വണ്ടിയുടെ പേര് കുട്ടിക്ക് അറിയുമായിരുന്നില്ല.

കുട്ടിയുടെ ജ്യേഷ്ഠനറിയാം.വണ്ടിയുടെ പേര് മാത്രമല്ല, നമ്പർ നോക്കി വണ്ടിയുടെ സ്ഥലവും പറയും.

അവർ ഒന്നിച്ച് പുറത്തു പോകുമ്പോൾ, ഏതെങ്കിലും വാഹനങ്ങൾ കടന്നു വരുമ്പോൾ ജ്യേഷ്ഠൻ ഉടനെ പറയും:

ദേ ഒരു കേരള...

ദേ ഒരു തമിഴ്നാട്...

എന്തെന്ത് കാര്യങ്ങളാ ജ്യേഷ്ഠന് അറിയണ! കുട്ടി അത്ഭുതാദരങ്ങളോടെ തന്റെ ജ്യേഷ്ഠനെ നോക്കി നിൽക്കും.

ഉച്ചയോടെ അവർ ഗ്രാമത്തിലെ വിവാഹ വീട്ടിലെത്തി.അവിടെ വലിയ ആൾക്കൂട്ടമുണ്ടായിരുന്നു.അത്രയും ആൾക്കാരെ ഒരുമിച്ച് കുട്ടി മുമ്പ് കണ്ടിരുന്നില്ല.

പാട്ടും കളിയും ചിരിയുമായ് ഒരു കല്യാണം.

ഹായ് എന്ത് രസം!

തന്റെ വീട്ടിലും ഉടനെ ഒരു കല്യാണം നടന്നിരുന്നെങ്കിൽ.കുട്ടി വല്ലാതെ ആഗ്രഹിച്ചു. അപ്പോഴാണ് തിരക്കിൽ നിന്നും കുറച്ചു മാറി ചുവർ ചാരി നിൽക്കുന്ന തന്റെ ജ്യേഷ്ഠനെ കുട്ടി ശ്രദ്ധിക്കുന്നത്.സഹോദരന്റെ അരികിലേക്ക് എത്തി കുട്ടി ചോദിച്ചു;

എന്നാണ് നമ്മുടെ വീട്ടിൽ കല്യാണം?..

പെട്ടെന്ന് ജ്യേഷ്ഠന്റെ മുഖം പതിവില്ലാതെ ചുവന്നു തുടുക്കുന്നത് കുട്ടി കണ്ടു.മറ്റാരോ ചുവരിന്റെ പിന്നിൽ നിന്നും ഉലയുന്ന വസ്ത്രങ്ങളോടെ ഓടിപ്പോകുന്നതും കണ്ടു.

അതാരാ?..

ആ ചോദ്യത്തിന് ഉത്തരം നൽകാതെ സഹോദരൻ, കുഞ്ഞിനെ എടുത്തുയർത്തി, കവിളിൽ ചുംബിക്കുക മാത്രം ചെയ്തു.

പച്ചയുടുപ്പിട്ട കുട്ടി വളരെ വേഗം എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ചു.പുതിയ സുഹൃത്തുക്കൾ കൊതിയോടെ അറിയിച്ചു:



നിന്റെ ഉടുപ്പിന് എന്ത് ചന്തം!

എന്ത് മിനുക്കം!

അവർ വീടിന് പിറകിലെ പറമ്പിൽ കളിക്കാൻ പോയി, അവിടെ മതിൽ പണിയാൻ കല്ലുകൾ ഇറക്കി വെച്ചിരുന്നു.കുട്ടികൾ ആദ്യം ഓടിത്തൊട്ട് കളിച്ചു, പിന്നെ കള്ളനും പോലീസും.

പിന്നെ...

കളിതുടരവെ അവർക്ക് ആ ഇട്ടാവട്ടപ്പറമ്പ് പോരാതെ വന്നു.അവർ പുതിയ ഇടങ്ങൾ തേടി...

തിരക്കുകൾക്കിടയിൽ നിന്നും ഒരു ചെറുപ്പക്കാരൻ തല നീട്ടി അവർക്ക് മുന്നറിയിപ്പ് നൽ

കി;

അടുത്ത തെരുവിലെക്കൊന്നും പോകല്ലേ മക്കളേ...

പെട്ടെന്ന് അവിടെമാകെ ഭയത്തിന്റെ ഭീകരമായ ഇരുൾ നിറഞ്ഞു.

കുട്ടികൾ അതൊന്നും ശ്രദ്ധിച്ചില്ല.അവർ ദൂരേയ്ക്ക്... ദൂരേയ്ക്ക് പോയി.

നിധി തേടിപ്പോയ രാജകുമാരന്റെ കഥയാണ് അപ്പോഴവർ കളിച്ചത്.മാന്ത്രികവടിയും, തിളങ്ങുന്ന സുന്ദര തലപ്പാവുമുള്ള രാജകുമാരന്റെ കഥ.നിധി തേടി കുമാരൻ ഗുഹയിലേക്ക് ഇറങ്ങിയതും,കാൽ വഴുതി ഇരുട്ടിലേക്ക് വീണതും ഒരുമിച്ച് കഴിഞ്ഞു.കുമാരന്റെ മാന്ത്രിക വടി കൈയിൽ നിന്നും ഊർന്നു പോയി.തലപ്പാവിൽ ചളി പുരണ്ടു.ഗുഹയിലെ ഇരുട്ടിൽ കിടന്ന് ഭാവിയിലെ മഹാരാജാവ് നിലവിളിച്ചു.ഒരുകൂട്ടം നരിച്ചീറുകൾ മാത്രം ചിറകടിച്ചു പറന്നുയർന്നു.

കുട്ടി പതിയെ കൺതുറന്നു.

എവിടെയാണ് താൻ എത്തിപ്പെട്ടത്?

ഒരു ചരൽ വഴിയിലേക്ക് ഓടിക്കയറിയത് മാത്രം ഓർമ്മയുണ്ട്.പിന്നെ അവിടെ നിന്നും നേരെ പൊന്തക്കാട്ടിലേക്ക്...

ഓർമ്മകൾ മുറിയുന്ന പോലെ.

എവിടെ തന്റെ പുതിയ കൂട്ടുകാർ?

ചുറ്റും കനത്ത ഇരുട്ട് മാത്രം.

ബോധം മറയുന്നതിൻ മുൻപ് കേട്ട അവരുടെ, ഭയം നിറഞ്ഞ നിലവിളികൾ കുട്ടി ഓർത്തെടുക്കാൻ ശ്രമിച്ചു.വീഴ്ച്ചയിൽ കുട്ടിയുടെ കൈയ്യിലും മറ്റും ചരൽ ഉരഞ്ഞ് മുറിവ് പറ്റിയിരുന്നു.അവിടവിടെ ചോര പൊടിഞ്ഞിരുന്നു.

ഹാവൂ... എന്ത് നീറ്റൽ

കുട്ടി എഴുന്നേറ്റ് മുന്നോട്ട് നടക്കാൻ തുടങ്ങി...

ചരൽ വഴിയും പൊന്തക്കാടും കടന്ന്,കുട്ടി പതിയെയാണെങ്കിലും പ്രധാന നിരത്തിൽ എത്തിച്ചേർന്നു.

ചിലയിടങ്ങളിൽ വഴിവിളക്കുകൾ ഉണ്ടായിരുന്നെങ്കിലും പലതും എറിഞ്ഞുടയ്ക്കപ്പെട്ടിരുന്നു.നിരത്തിന്റെ സമീപമുള്ള ചുവരുകളിലും, പോസ്റ്റുകളിലും മറ്റും ഒട്ടിച്ചിരിക്കുന്ന ഒരേ നിറത്തിലും വലിപ്പത്തിലുമുള്ള നോട്ടീസുകൾ കുട്ടി ശ്രദ്ധിച്ചു, വായിക്കുവാൻ ശ്രമിച്ചു.പക്ഷെ എപ്പോഴത്തെയും പോലെ വള്ളിയിലും ചുനുപ്പിലും വായന തട്ടിത്തടഞ്ഞു.പരാജയം സമ്മതിച്ചു.ചുവരിലെ നോട്ടീസുകൾ അങ്ങനെ നോക്കി നിൽക്കെ പെട്ടെന്ന് കുട്ടിക്ക് സ്കൂളിലെ അറിയിപ്പ് ബോർഡിന്റെ കാര്യം ഓർമ്മ വന്നു.അറിയിപ്പ് ബോർഡിൽ പേര് വരുന്നത് അപകടമാണ്.അവർ ഓഫീസ് റൂമിൽ പോകണം.അകത്തേക്ക് പോകുന്നവരുടെ നിലവിളി പുറത്ത് കേൾക്കും.കുട്ടി ഭയപ്പെട്ടു.എത്രയും പെട്ടെന്ന് വീട്ടിൽ പോകാൻ ആഗ്രഹിച്ചു.പക്ഷെ എങ്ങനെ, ആരോട് ചോദിക്കാൻ?

ആരെയെങ്കിലും കണ്ടിരുന്നെങ്കിൽ,

കുട്ടിക്ക് കരച്ചിൽ വന്നു.

കുട്ടി കുറച്ചു കൂടി മുന്നോട്ട് നടന്നു...

പറഞ്ഞറിയിക്കാൻ കഴിയാത്ത ഒരു സന്തോഷം.

അവിടെ,ആ റോഡിന്റെ അപ്പുറത്ത് ആരോ ഉള്ളത് പോലെ! കുട്ടി വേഗം അവിടേക്ക് ഓടി.

കുട്ടി വിചാരിച്ചത് സത്യമായിരുന്നു.അവിടെ ഇരുട്ടിന്റെ മറവിൽ രണ്ടു മൂന്നു പേർ ഉണ്ടായിരുന്നു.അവർ നിലത്തിരുന്ന് എന്തോ കുടിക്കുകയായിരുന്നു.കുട്ടിയെ കണ്ടതും അവർ ഒന്ന് ഞെട്ടി.

ആശ്വാസത്തോടെ, കിതപ്പോടെ കുട്ടി ചോദിച്ചു:

ഇവിടെ കല്യാണവീടെവിടാ?..

അവർ വിശ്വസിക്കാനാവാതെ ആ പച്ച ഉടുപ്പിട്ട കുട്ടിയെ നോക്കി, എന്നിട്ട് മുഖത്തോട് മുഖം നോക്കി ശബ്ദമില്ലാതെ പല്ലുകാട്ടി ചിരിച്ചു.

പാട്ടും കളിയുമൊക്കെയുള്ള കല്യാണ വീടില്ലേ? അതിന്റെ കാര്യമാ ചോദിക്കണ.അവിടേക്കുള്ള വഴി അറിയോ?

ങും

കൂട്ടത്തിലെ ഒരുവൻ മുരണ്ടു.കുഞ്ഞിന് സന്തോഷമായി.

ഞാൻ കാട്ടിത്തരാം വരൂ...

അവസാന തുള്ളിയും മൊത്തിക്കുടിച്ച് നേരത്തെ 'മുരണ്ട' മനുഷ്യൻ എഴുന്നേറ്റു.ഒപ്പം മറ്റുള്ളവരും.

കുട്ടി അവരോടൊപ്പം നടക്കാൻ തുടങ്ങി.

നീളമുള്ള വഴികൾ...

നടന്നിട്ടും നടന്നിട്ടും തീരാത്ത വഴികൾ,

ഇരുൾ മൂടിക്കിടക്കുന്ന...

അകലെയെങ്ങോ ഒരു നായ ഓരിയിട്ടു.കുട്ടി വല്ലാതെ ഭയപ്പെട്ടു.നടക്കുന്നതിനിടയിൽ കുട്ടി അവരിൽ ഒരാളുടെ കൈയിൽ മുറുകെ പിടിച്ചു.

അപ്പോൾ കുട്ടിക്ക് തന്റെ ജ്യേഷ്ഠനെ ഓർമ്മ വന്നു.

●



കഥ

# ഒരു പൈസ ചെടി പറഞ്ഞ കഥ



അജീഷ്മോൻ

ഒരിക്കൽ നിന്റെ ഭൂമിയിൽ വേരുറപ്പിക്കാൻ ഞാൻ അതിയായി ആഗ്രഹിച്ചു.

പക്ഷെ അന്നെന്നിൽ ഭംഗിയുള്ള ഇലച്ചാർത്തുകൾ ഇല്ലായിരുന്നു. ആരെയും കൊതിപ്പിക്കുന്ന മുഖകാന്തിയില്ലായിരുന്നു. ആകെ പ്രതീക്ഷകൾ വറ്റിവരണ്ട് മരണത്തെ കാത്ത് കിടക്കുന്ന മെലിഞ്ഞൊട്ടിയ ശരീരം മാത്രം. അതുകൊണ്ടാവും ദയ ലേശമില്ലാതെ എന്നെ നീ ആ ഏകാന്ത തടാകത്തിലേക്ക് വലിച്ചെറിഞ്ഞത്.

അന്ന് ഞാൻ കരുതി എന്റെ അവസാനമായെന്ന്. ഏകാന്ത തടാകത്തിന്റെ ഓളപരപ്പിൽ കിടന്ന് മൃത്യുവിനെ പുൽകാനാണ് എന്റെ വിധിയെന്ന്.

പക്ഷെ അപ്പോഴും ആ തകർന്ന ശരീരത്തിനുള്ളിലും വിധിയോടുപോലും പോരാടാനുള്ള ഒരു മനസ്സുണ്ടായിരുന്നെനിക്ക്. ആഞ്ഞടിക്കുന്ന കാറ്റിന്റെ ശക്തിയിൽ ഏകാന്ത തടാകത്തിലെ ഓളങ്ങളിൽ കിടന്ന് തട്ടികളിക്കപെടുമ്പോഴും നല്ലൊരു നാളെക്കായി ഞാൻ പരിശ്രമിച്ചുകൊണ്ടേയിരുന്നു. നിരന്തരമായ പരിശ്രമത്തിനൊടുവിൽ മെലിഞ്ഞൊട്ടിയ ശരീരത്തിൽ നിന്ന് ആദ്യ വേര് പൊട്ടി പുറത്തുവന്നു. അവ എനിക്കുവേണ്ടി ലക്ഷ്യമില്ലാതെ ജലോപരിതലത്തിൽ അലഞ്ഞുതിരിഞ്ഞു. പോകും വഴി കിട്ടിയ ഭക്ഷണവും ലവണവും എനിക്കായി സമർപ്പിച്ചു. അങ്ങനെ വീണ്ടും വീണ്ടും എന്നിൽ നിന്ന് ഇടതടവില്ലാതെ വേരുകൾ പൊട്ടൻ തുടങ്ങി. ഓരോ വേരുകൾ പൊട്ടുമ്പോഴും ഓരോ ചില്ലകളും എന്നിൽ നിന്ന് ഉടലെടുത്തു. ക്രമാതീതമായ ഉടലെടുത്ത വേരുകൾ ഏകാന്ത തടാകത്തിന്റെ ഉപരിതലത്തെയും മാധ്യതലത്തെയും ഭേദിച്ച് അടിത്തട്ടിൽ പരന്നു കിടന്ന ചെളിമണ്ണിൽ മുത്തമിട്ടു. എന്റെ ചില്ലകൾ ജലോപരിതലത്തിലൂടെ സഞ്ചരിച്ചു ചുറ്റിലും കണ്ട വൃക്ഷങ്ങളിലും ചെടികളിലും പറ്റിപിടിച്ചു കയറി. ഒടുവിൽ ഏകാന്ത തടാകം എന്റെ വേരുകളാലും കരഭൂമി എന്റെ ചില്ലകളാലും തിങ്ങിനിറഞ്ഞു. എന്റെ ഇലകൾക്ക് ഹരിതവർണമായിരുന്നു. ആരെയും ആകർഷിക്കുന്ന തരത്തിൽ അവ തന്റെ സൗന്ദര്യം പുറംലോകത്തിന് കാട്ടി കൊടുത്തു. ഇടക്കെപ്പോഴോ എന്നിൽ അടക്കം ചെയ്തിരുന്ന ആഗ്രഹങ്ങൾ ഹരിതവർണ ഇലചാർത്തുകളിൽ ശീതവർണ രേഖകളായി പ്രത്യക്ഷപെട്ടു. അത് വീണ്ടും എന്നിലെ സൗന്ദര്യത്തിന്റെ മാറ്റ് കൂട്ടിയതേയുള്ളു.

എന്റെ ഭംഗിയെ കണ്ടാസ്വദിക്കാൻ ഏകാന്ത തടാക കരയിൽ ആൾക്കൂട്ടം എത്തിതുടങ്ങി. ഒരിക്കൽ ആൾക്കൂട്ടത്തിനിടയിൽ അവളും വന്നു. അവൾക്കെന്നെ മനസ്സിലായില്ല ആൾക്കൂട്ടത്തിൽ ദൂരെ മാറി നിന്ന് എന്നിലെ സൗന്ദര്യത്തെ കൺകുളിർക്കേ അവൾ കണ്ടാസ്വദിച്ചു. അടുത്ത് വരാൻ അവസരം കിട്ടിയപ്പോൾ മടിച്ചുനിൽക്കാതെ അവൾ എന്റെ അടുക്കലേക്ക് വന്നു. എന്റെ ശിഖരങ്ങളെ അവളുടെ മൃദുലമായ കൈകളാൽ പുൽകി. എന്റെ ഇളം ഇതളുകളിൽ അവളുടെ കവിൾതടം ഉരസി അതിന്റെ സുഖം അനുഭവിച്ചു. അതെല്ലാം ഞാൻ ആർത്തിയോടെ നോക്കി കണ്ടു. ഒടുവിൽ അവൾ മടങ്ങാൻ നേരം ഞാൻ എന്നിലെ ജീവന്റെ ഒരംശത്തെ അവൾക്ക് സമ്മാനിച്ചു. സന്തോഷപൂർവം എന്നെ കൈകുമ്പിളിലാക്കി അവൾ വീട്ടിലേക്ക് നടന്നകന്നു. അവളുടെ കിടപ്പുമുറിയുടെ ഒഴിഞ്ഞയൊരു കോണിൽ ചില്ലുകുപ്പിയിൽ നിറച്ച ജലത്തിൽ എന്റെ അംശത്തിനൊരു സ്ഥാനം നൽകി. ഞാൻ പകർന്നു നൽകിയ ധൈര്യമാവാം ആ ജീവനും പരിധി നിശ്ചയിച്ച ചില്ലുകുപ്പിക്കുള്ളിൽ തന്റെ വേരുകളെ വ്യാപിപ്പിച്ചു. പുതിയ ശിഖരങ്ങൾക്ക് ജീവൻ കൊടുത്തു. പുതുതായി മുളച്ചുവന്ന ഓരോ ശിഖരത്തിനും അവൾ ആ കിടപ്പറയിൽ സ്ഥാനം നൽകി. ഒടുവിൽ എന്നെന്നേക്കുമായി അവളാകുന്ന ഭൂമിയിൽ ഞാൻ എന്റെ വേരുകൾ ആഴത്തിൽ പതിപ്പിച്ചു. എന്നിൽ ഉടലെടുക്കുന്ന ഓരോ തളിരിലകളും ഓരോ ചില്ലകളും അവളെ സംതൃപ്തയാക്കി. അതിലൂടെ ഞാൻ എന്റെ ജീവിത നിയോഗവും കണ്ടെത്തി.

●


# സ്ത്രൈണജീവിതങ്ങളുടെ നിലയില്ലാക്കയങ്ങളിലേക്ക് ഒരു വിരൽത്തുമ്പ്

## (മൈഥിലി കാർത്തിക്കിന്റെ കഥകൾ പെയ്തൊഴിയുമ്പോൾ )



**ദർശന**

**മൈ**ഥിലി കാർത്തിക് തൂലിക ചലിപ്പിക്കുന്നത് സ്ത്രീ ശാക്തീകരണത്തിന് വേണ്ടിയാണെന്ന് തോന്നുമാറ് സ്ത്രൈണജീവിതങ്ങളുമായി അത്രമേൽ ഇഴുകിച്ചേർന്ന രചനകളാണ് ഈ പുസ്തകത്തിലുള്ളത്. തന്റെ ദേശാന്തരഗമനങ്ങൾക്കിടയിൽ കണ്ടുമുട്ടുന്നതോ ഒരു പക്ഷേ താൻ തന്നെയോ എന്ന് വായനക്കാർക്കിടയിൽ സന്ദേഹം ജനിപ്പിക്കും വിധം അവരുടെ കഥകൾ അത്രമേൽ ആഴത്തിൽ സ്ത്രീജീവിതങ്ങളെ തൊട്ടറിയുന്നു. എഴുതുന്നത് സ്വന്തം ആനന്ദത്തിന് വേണ്ടി മാത്രമാണെന്ന് അവകാശപ്പെടുന്നവർ നിറയുന്ന എഴുത്തിന്റെ ലോകത്തിൽ മൈഥിലി തനതായ ഒരു പാതയാണ് വെട്ടിത്തുറന്നിരിക്കുന്നത്. ഹൃദയം നിറഞ്ഞു തുളുമ്പുന്ന ആർദ്രമായ അക്ഷരങ്ങൾ കഥനത്തിന്റെ ലളിതവും ദുർഗ്രഹവുമല്ലാത്ത ചാരുത ഇതെല്ലാം കൊണ്ട് പറയുന്ന കഥകളെ വെറും കഥകളായി കണ്ടു പോകാതെ അതിൽ നിന്നും ഒരു അനുഭവ പാഠത്തെ വായനക്കാർക്ക് പകർന്നു നൽകുന്നതിൽ മൈഥിലി വിജയിച്ചിരിക്കുന്നു എന്ന് പറയാം. അത് പെരിയാറിന്റെ തീരത്ത് കളിച്ചുവളർന്നത് കൊണ്ടു മാത്രമല്ല തന്റെ ദേശാടനങ്ങൾക്കിടയിലും തനിക്ക് ചുറ്റുമുള്ള ലോകത്തെ അതിസൂക്ഷമമായി നിരീക്ഷിക്കുവാൻ സാധിക്കുന്നതും കൊണ്ടുകൂടിയാണ്.




നിരീക്ഷണങ്ങളാണ് ഓരോ എഴുത്തുകളെയും സമ്പന്നമാക്കുന്നത് . 13 കഥകളാണ് ഈ സമാഹാരത്തിൽ ഉള്ളത്. ഈ കഥകളിലൂടെ കടന്നു പോകുമ്പോൾ നാട്ടിൻപുറത്തുകാരിയായ ഒരു സുഹൃത്ത് തന്റെ ദേശാന്തരഗമനങ്ങളിലെ ചില സംഭവവികാസങ്ങളെ ഒട്ടും അതിശയോക്തിയില്ലാതെ നമ്മോട് വിവരിക്കും പോലെയുള്ള അതീവഹൃദ്യവും എന്നാൽ ഉള്ളിൽ തട്ടുന്നതുമായ ഒരു അനുഭവമായാണ് അനുഭവപ്പെടുക . ഒരുവേള ഇതു കഥകൾ തന്നെയോ എന്ന് എനിക്ക് സംശയം തോന്നി. എന്തെന്നാൽ മൈഥിലിയോടൊപ്പം ഞാനും ഇതെല്ലാം അനുഭവിച്ചിട്ടുണ്ടല്ലോ എന്നുപോലും തോന്നു മാറ് അയത്ന ലളിതമായി മൈഥിലി വാക്യങ്ങൾ സൃഷ്ടിക്കുന്നു . ആദ്യ കഥയായ പിറന്നാൾ സമ്മാനം മുതൽ അവസാനത്തെ മധുരമീയാത്ര വരെ അത്തരം ഒരു അനുഭവമാണ് പകർന്ന് നൽകുന്നത് .

എത്ര കൊണ്ടാലും നീ പഠിക്കില്ല എന്നൊക്കെ പണ്ട് നമ്മുടെ മുത്തശ്ശിമാർ പറയാറുണ്ട്. അത്തരം ഒരു സ്ത്രീയാണ് പിറന്നാൾ സമ്മാനത്തിലെ കല്യാണി .

വളർത്തുമകൻ സ്വന്തം ഘാതകൻ ആകുമ്പോഴും അവനെ ഇനി കാണേണ്ടെന്ന് വളർത്തച്ഛനായ ദേവൻ നിശ്ചയിക്കുമ്പോഴും ഒരിക്കലും തിരിച്ചു വരാത്ത ലോകത്തിലിരുന്ന് കല്യാണി പറയുന്നു എനിക്ക് കാണണമെന്ന്. വളരെ ഇമോഷണൽ ആയ ഒരു കഥയ്ക്കും അപ്പുറം വർത്തമാനകാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട ഓൺലൈൻ ഗെയിമിന്റെ മാരകമായ ഒരു പര്യവസാനം ഈ കഥ പങ്കുവെക്കുന്നു .

'ചെറുപുള്ളിച്ചിറകുള്ള ചങ്ങാലി പ്രാവേ
തലതല്ലിക്കരയുന്നതെന്തിന് നീ'

എന്ന കവിത ശകലത്തെ ഓർമിപ്പിച്ചുകൊണ്ട് ബാലിശമായ പ്രണയ ചാപല്യങ്ങൾക്കായി കുഞ്ഞിനെ കൊന്ന ഒരു വളുടെ ( അവളെ അമ്മയെന്നു വിളിക്കാമോ?) സമനില തെറ്റിയ ജീവിതം വിരൽ ചൂണ്ടുന്നത് കാലികമായ വ്യഥകളിലേക്ക് തന്നെ. പുതിയ മേച്ചിൽ പുറം തേടുന്ന അച്ഛനമ്മമാർ എത്ര നിഷ്ക്കരുണമായാണ് കുഞ്ഞുങ്ങളെ ഇല്ലായ്മ ചെയ്യുന്നത്.

രോഗാവസ്ഥകൾ സ്റ്റേജുകൾ ആയി കണക്കാക്കപ്പെടുമ്പോൾ സ്റ്റേജിലെ നാടകം കളി നിർത്തിപ്പോയാമതിയെന്ന് കരുതുന്ന ഗീതയുടെ ചെറി എന്ന ചെറിയമ്മ മറ്റുള്ളവർക്ക് എന്ത് കരുതും എന്ന് കരുതി കൊടിയ വേദനകൾ പകർന്നു നൽകിയ ജീവിതത്തെ നിശബ്ദമായി സഹിക്കുന്ന അനേകം സ്ത്രീകളുടെ പ്രതീകമാണ്. ഇറങ്ങിപ്പോരാമായിരുന്നു എന്ന നിരന്തര ഉപദേശങ്ങൾക്ക് പോലും മാറ്റുവാനാകാത്തവർ. എല്ലാവരെയും ഞാൻ പറ്റിച്ചേ എന്ന് പറഞ്ഞു ഒരുനാൾ അവർ പൊടുന്നനെ കാലായവനികക്കുള്ളിൽ മാഞ്ഞു പോകും.

എന്തുകൊണ്ടാണ് ഇത്രയും കഠിനമായ യാതനകളെ പുറകിലേക്ക് എറിഞ്ഞ് ഒറ്റ നിമിഷത്തിൽ അവർ അപ്രത്യക്ഷമാകുന്നത് എന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നതേയില്ല. ഒരു പക്ഷേ വേദനകൾ എല്ലാം ഒന്ന് ചേരുന്ന ഒറ്റ നിമിഷം അവരെ അതിന് സജ്ജമാക്കുന്നതായിരിക്കാം .

ഈ കഥയിലെ ചെറിയമ്മ പക്ഷേ വിവരണാതീതമായ വേദനകളെ അതിജീവിച്ചവളാണ് . ഈ യാതനകൾക്ക് കാരണക്കാരനായവൻ സമ്മാനിച്ച അളവറ്റ ബാങ്ക് ബാലൻസ് പോലും നിരർത്ഥകമാണെന്ന് ബോധ്യപ്പെടുത്തി തന്നവളാണ്.

കനാൽ പറഞ്ഞ കഥകൾക്ക് ഒരു പുതുമയുണ്ട്. ആഖ്യാനത്തിലെ ഹാസ്യം ഒരുപക്ഷേ കഥാകാരിയുടെ ചടുലതയെ ഓർമ്മിപ്പിക്കുന്നുണ്ടെങ്കിലും ഈ കഥയിൽ അത് ഒഴിവാക്കാമായിരുന്നു എന്ന് തോന്നി . കുറച്ചുകൂടി ഗൗരവതരമായ ഒരു സമീപനം ആയിരുന്നു ഈ കഥയ്ക്ക് ചേരുക എന്ന് എന്തുകൊണ്ട് വായനയിൽ തോന്നിപ്പോയി. കഥ പറഞ്ഞുകൊണ്ടിരിക്കെ കഥാകാരി ഇതെന്റെ കഥയല്ല ട്ടോ , ഞാൻ അടുത്ത് അറിഞ്ഞിട്ടുള്ളവരുടെ കഥയാണ് എന്നും അത്തരം ഒന്ന് രണ്ട് കഥകളിലേക്ക് നമുക്ക് പോകാം എന്നും പലയിടത്തും വായനക്കാരെ ഓർമിപ്പിക്കുന്നുണ്ട്. അത്തരം വാചകങ്ങളെ ഒഴിവാക്കിയിരുന്നെങ്കിൽ കഥയ്ക്ക് കഥാകഥനത്തിന് ഒരു പക്വത കൈ വന്നേനെ എന്ന് വായനയിൽ തോന്നിപ്പോകുന്നു .

ദിനങ്ങൾ ഘോഷിക്കപ്പെടുന്ന ഈ വർത്തമാനകാലത്ത് ചക്കാട്ടുന്നവൾ തീർച്ചയായും വായിക്കപ്പെടേണ്ട ഒരു രചനയാണ്. താൻ ഇല്ലെങ്കിലും ഇവിടെ ഒന്നും സംഭവിക്കില്ല എന്നറിഞ്ഞിട്ടും പോകാൻ ഒരു ഇടമില്ലാത്തതുകൊണ്ട് മാത്രം മടുപ്പ് നിറഞ്ഞ ജീവിതത്തിലേക്ക് തിരിച്ചുവരേണ്ടി വരുന്ന പെണ്ണുങ്ങൾക്കായി ഈ കഥ സമർപ്പിക്കപ്പെടുന്നു. എനിക്ക് ചുറ്റിലും കടന്നുപോകുന്ന അനവധിയായ മുഖങ്ങളിൽ ഞാൻ ഇവളുടെ മുഖം കാണുന്നു. നിസ്സഹായതയിൽ നിന്ന് ഉരുവം കൊണ്ട് നിർജീവമായിപ്പോയ മുഖങ്ങൾ .

പ്രേമലേഖനം വായിച്ചുതീർന്നപ്പോൾ അതുണ്ടാക്കിയ പുകില് അവിടം കൊണ്ട് അവസാനിക്കുന്നില്ല എന്ന് തോന്നി. പ്രണയം തുടങ്ങാൻ പോകുന്നേ ഉള്ളൂ.

എനിക്കും തോന്നിയിട്ടുണ്ട് ഈയിടെ ഒളിച്ചോടിപ്പോകുന്ന പെൺകുട്ടികളുടെ കാമുകന്മാർക്ക് ഒക്കെ ഒരു വില്ലൻ ലുക്ക് ആണല്ലോ യെന്ന്. എന്റെ സഹപ്രവർത്തകരിൽ പത്തു മുപ്പതാണ്ടുകൾ ജീവിച്ചിട്ടും പെണ്ണു കെട്ടാത്ത (കിട്ടാത്ത) പയ്യന്മാർ ഇത്തരം വാർത്തകൾ കാണുമ്പോൾ പറയുന്നത് കേൾക്കാറുണ്ട്, ഇവന്മാർക്ക് ഇതൊക്കെ എങ്ങനെ സാധിക്കുന്നു

എന്ന്. ചിന്താശേഷി നഷ്ടപ്പെട്ട, തനിക്ക് ചുറ്റു
മുള്ള അനുഭവങ്ങളിൽ നിന്ന് പഠിക്കാത്ത
പെൺകുട്ടികൾക്ക് ക്ഷണികമായ വിഭ്രമങ്ങളിൽ
തോന്നുന്ന ആകർഷണം മാത്രം എന്ന് തിരി
ച്ചറിയുമ്പോഴേക്കും മക്കളെ കണ്ടും മാമ്പൂ ക
ണ്ടും എന്ന കഥയിലെ തുളസിയെ പോലെ ആ
യിട്ടുണ്ടാകും. അച്ഛനമ്മമാർ ഹൃദയം തകർന്നു
നരക ജീവിതം നയിക്കുമ്പോൾ മക്കൾ അതി
ലും കൊടിയ ദുരിതങ്ങളിലൂടെ കടന്നു പോ
വുകയായിരിക്കും. കുട്ടികൾ വകതിരിവോടെ
വളരാൻ ഉതകുന്നതാകണം വിദ്യാഭ്യാസത്തി
ന്റെ ലക്ഷ്യം എന്ന് പലപ്പോഴും തോന്നിപ്പോ
കുന്നു.

മൈഥിലി പങ്കുവെക്കുന്ന നിരീക്ഷണങ്ങൾ
അത്രമേൽ ജീവിതങ്ങൾക്ക് പാഠമാകാനുണ്ട് .
പിളർക്കാനാകാത്ത കോൺക്രീറ്റ് കാടിനുള്ളി
ലാണ് മൈഥിലിയുടെ പാവം സീത . തലമുറ
കളുടെ അന്തരം വ്യതിരിക്തമാണ് ഇവിടെ. ഈ
സീതക്കും ചക്കാട്ടുന്നവളുടെ മുഖമാണ്. അ
തിജീവനത്തിന്റെ മാതൃകയാണ് കങ്കാരുവിലെ
അനിത . ഒരു പേരിൽ എന്തിരിക്കുന്നു എന്ന്
ഓർമിപ്പിക്കുന്നു ആനന്ദിമാർ . ആനന്ദിയുടെ
ബാക്കിപത്രമായ തനു അമ്മയുടെ ദുരിതങ്ങൾ
മാത്രം കണ്ടുവളർന്നവൾ . എനിക്ക് വലുതാ
വേണ്ട എന്ന് അവളെപ്പോലെ കൂകിവിളിക്കു
ന്ന കുട്ടികൾ അനവധിയുണ്ട് നമ്മുടെ ചുറ്റു
പാടുകളിൽ. അവരുടെ ശബ്ദം കാതിൽ വന്ന
ലയ്ക്കുമ്പോഴും നാം പേറി നടക്കുന്ന അർത്ഥ
ശൂന്യമായ മൗനങ്ങളെ ഇനിയും ഭഞ്ജിക്കേ
ണ്ടിയിരിക്കുന്നു.

അതീവ സരളമായ ഭാഷയിൽ മൈഥിലി
എഴുതുമ്പോൾ വായനക്കാർക്ക് വിചിന്തനത്തി
നും വിശകലനത്തിനും ചില പഴുതുകൾ കൊ
ടുക്കാമായിരുന്നു എന്ന് ആമുഖകാരൻ പറയു
ന്നുണ്ട് . എഴുത്തു ശൈലികൾ പലപ്പോഴും എ
ഴുത്താളരുടെ വ്യക്തിത്വങ്ങളിലേക്കാണ് വിരൽ
ചൂണ്ടുന്നത് . ഹൃദയനൈർമല്യമാണ് മൈഥി
ലിയുടെ മുഖമുദ്ര. വളരെ അപൂർവമായി മാ
ത്രം അജയ് നാരായണൻ എന്ന സുഹൃത്തി
ന്റെ വാക്കുകളിലൂടെ എന്നിലേക്ക് എത്തിയ
സൗഹൃദം , എനിക്കായി തന്റെ പുസ്തകം ക
രുതിവയ്ക്കുമ്പോൾ കേരളം വിട്ട് ഒരിടത്തും
പോയിട്ടില്ലാത്ത എനിക്കും ഭദ്രാവതി ഷിമോ
ഗയിൽ താമസക്കാരിയായ മൈഥിലി ക്കും ആ
ഫ്രിക്കയിലെ ദീർഘമായ പ്രവാസ ജീവിത
ത്തിൽ ഒരു കൊറോണയെ പോലെ എഴുത്ത്
വഴികളിൽ എത്തിയ ഡോക്ടർ അജയ് നാരാ
യണനും ഇടയിൽ വാക്കുകളുടെ അദൃശ്യമാ
യ ഒരു ബന്ധം രൂപപ്പെട്ടുവന്നത് അത്യധികം
ആഹ്ലാദത്തോടെയാണ് ഞാൻ നോക്കിക്കാണു
ന്നത്. അതീവ സരളമായ ഈ എഴുത്തു ശൈ
ലി മാറ്റിനിർത്തിയാൽ കഥകൾ പെയ്തൊഴി
യുമ്പോൾ ബാക്കിയാവുന്നത് സമൂഹത്തിന്റെ
പുഴുക്കുത്തുകളും ഇനിയും നേരെയാകേണ്ട
വ്യവസ്ഥിതിയെക്കുറിച്ചുള്ള വിചാരധാരകളും
കാലമേറെ കഴിഞ്ഞിട്ടും നേരെയാകാത്ത
പെൺ ജീവിതങ്ങളുടെ ചിത്രങ്ങളും ആണ്.
സാമൂഹിക പ്രതിബദ്ധത ഈ കഥകളിൽ കാ
ണാം. ഈ പുസ്തകം ഒരു അടയാളപ്പെടുത്ത
ലാണ്. കാലമേറെ കഴിഞ്ഞിട്ടും മാറ്റം വരാത്ത
സ്ത്രീ ജീവിതങ്ങൾക്ക് മേൽ സമൂഹം വലി
ച്ചുകെട്ടിയ അദൃശ്യമായ ബന്ധനങ്ങളെയാണ്
മൈഥിലി അടയാളപ്പെടുത്തുന്നത്. കഥകളുടെ
രൂപഭദ്രതയോ ആഖ്യാനത്തിൽ വരുത്തേണ്ട ഗ
ഹനതയോ അല്ല ഇവിടെ വിഷയീഭവിക്കേണ്ട
ത്. മൈഥിലി പങ്കുവെക്കുന്ന നിരീക്ഷണങ്ങളാ
ണ് ചർച്ച ചെയ്യപ്പെടേണ്ടത്. മൈഥിലിയുടെ എ
ഴുത്തുകളിലൂടെ കടന്നു പോകുമ്പോൾ ആഖ്യാ
നത്തിന്റെ ലാളിത്യത്തിനുമപ്പുറം കഥകളുടെ
കഥാപാത്രങ്ങളുടെ പേരുകൾ ശ്രദ്ധിക്കുമ്പോൾ
കഥാകാരി വളരെ തന്ത്രപരമായ ഒരു സമീപ
നം സ്വീകരിച്ചിട്ടുള്ളതായി കാണാൻ കഴിയും.
തനുവും സീതയും ചക്കാട്ടുന്നവളും കങ്കാരു
വും ഒക്കെ ഉദാഹരണങ്ങൾ . താൻ പറയാൻ
പോകുന്ന വിഷയത്തിന്റെ സ്വീകാര്യതയ്ക്ക് ഇ
ത്തരം തെരഞ്ഞെടുപ്പുകൾ അവശ്യമാണെന്ന
കൃത്യമായ ബോധത്തോടെ തന്നെയാണ് എ
ഴുത്തുകാരി ആ കർത്തവ്യം നിർവഹിച്ചിട്ടുള്ള
തെന്ന് വിലയിരുത്താനാണ് ഞാൻ ഇഷ്ടപ്പെടു
ന്നത്. സ്ത്രൈണ ജീവിതങ്ങളുടെ ദുരിത യാ
ത്രകൾക്കിടയിലും ഹൊന്നപ്പയെ പോലെ ചി
ല പുരുഷ ജീവിതങ്ങളെയും വരയ്ക്കുന്നുണ്ട്
മൈഥിലി. എത്രയേറെ പുരോഗമനപരമായ വ
സ്തുതകൾ നിരത്തിയാലും പുരുഷ കേന്ദ്രീ
കൃതമായ ഒരു വ്യവസ്ഥിതിയിൽ സ്ത്രീ ജീ
വിതങ്ങൾ എത്രമാത്രം അണിയറകളിലേക്ക് ഒ
തുങ്ങിപ്പോകുന്നു എന്ന ചിന്തയുടെ ബഹിർസ്
ഫുരണങ്ങളാണ് ഈ കഥകൾ എന്നത് കാണാ
തിരുന്നുകൂടാ.




# സൈബർ സുരക്ഷയും ഓൺലൈൻ തട്ടിപ്പുകളും



– ബിനു വെളിയനാടൻ

ഇന്റർനെറ്റ് നമ്മുടെ ജീവിതം എളുപ്പമാക്കിയ ഒരു അത്ഭുതലോകമാണ്. വിവരങ്ങൾ വിരൽത്തുമ്പിൽ അറിയുന്നു. ബാങ്കിംഗ്, ഷോപ്പിംഗ്, വിനോദം എല്ലാം ഓൺലൈനിൽ. എന്നാൽ, ഈ സൗകര്യങ്ങൾക്കൊപ്പം ഒളിഞ്ഞിരിക്കുന്ന ചില ചതിക്കുഴികളുമുണ്ട്. അതാണ് സൈബർ തട്ടിപ്പുകൾ. നമ്മുടെ ഡിജിറ്റൽ ജീവിതത്തിന്റെ സുരക്ഷ ഉറപ്പാക്കേണ്ടത് നമ്മൾ തന്നെയാണ്. ഒരു കാട്ടിലൂടെ യാത്ര ചെയ്യുമ്പോൾ ഓരോ ചുവടും ശ്രദ്ധയോടെ വെക്കുന്നതുപോലെയാണ് ഓൺലൈൻ ലോകത്ത് നമ്മൾ പെരുമാറേണ്ടത്. ഒരു ചെറിയ അശ്രദ്ധ മതിയാകും വലിയ അപകടങ്ങളിലേക്ക് നയിക്കാൻ.

എന്റെ സുഹൃത്ത് രമേഷ് എന്നൊരു വ്യാപാരി ഉണ്ടായിരുന്നു. ഓൺലൈൻ ബാങ്കിംഗ് ഉപയോഗിച്ച് സ്ഥിരമായി ഇടപാടുകൾ നടത്തുന്നയാളായിരുന്നു അദ്ദേഹം. ഒരു ദിവസം അദ്ദേഹത്തിന് ബാങ്കിൽ നിന്നാണെന്ന് തോന്നിക്കുന്ന ഒരു ഇമെയിൽ വന്നു. അക്കൗണ്ട് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്നു അത്. ലിങ്കിൽ ക്ലിക്ക് ചെയ്ത് വിവരങ്ങൾ നൽകിയതിന് തൊട്ടുപിന്നാലെ അദ്ദേഹത്തിന്റെ അക്കൗണ്ടിൽ നിന്ന് വലിയൊരു തുക പിൻവലിക്കപ്പെട്ടു. ഇത് 'ഫിഷിംഗ്' എന്ന സൈബർ തട്ടിപ്പായിരുന്നു. രമേഷിന്റെ അശ്രദ്ധയും വിവരങ്ങൾ നൽകുമ്പോൾ കാണിച്ച തിടുക്കവുമാണ് അദ്ദേഹത്തെ ഈ കെണിയിലകപ്പെടുത്തിയത്. ഇത്തരം തട്ടിപ്പുകളെക്കുറിച്ച് നാം ഓരോരുത്തരും ബോധവാന്മാരായിരിക്കുക എന്നതാണ് ഏറ്റവും പ്രധാനം. എല്ലാ ഇമെയിലുകളും സന്ദേശങ്ങളും വിശ്വസിക്കരുത്, പ്രത്യേകിച്ചും വ്യക്തിഗത വിവരങ്ങൾ ആവശ്യപ്പെടുന്നവ.

## സുരക്ഷിത ഉപയോഗം: മുൻകരുതലുകൾ എടുക്കുക

ഓൺലൈൻ തട്ടിപ്പുകളിൽ നിന്ന് രക്ഷനേടാൻ ചില മുൻകരുതലുകൾ എടുക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ വീട് പൂട്ടി സുരക്ഷിതമാക്കുന്നതുപോലെ, ഡിജിറ്റൽ അക്കൗണ്ടുകൾക്കും സുരക്ഷാകവചം ഒരുക്കണം. ഇതിൽ ഏറ്റവും പ്രധാനം ശക്തമായ പാസ്‌വേഡുകൾ ഉപയോഗിക്കുക എന്നതാണ്. നിങ്ങളുടെ പേര്, ജനനത്തീയതി, ഫോൺ നമ്പർ എന്നിവ പാസ്‌വേഡാക്കുന്നത് ഒഴിവാക്കുക. അക്ഷരങ്ങളും അക്കങ്ങളും ചിഹ്നങ്ങളും ചേർത്തുള്ള സങ്കീർണ്ണമായ പാസ്‌വേഡുകൾ തിരഞ്ഞെടുക്കുക. ഓരോ അക്കൗണ്ടിനും വ്യത്യസ്തമായ പാസ്‌വേഡുകൾ ഉപയോഗിക്കുന്നതും സുരക്ഷിതത്വത്തി

ന് അത്യന്താപേക്ഷിതമാണ്.

ഒരു ബാങ്കിൽ പണം സൂക്ഷിക്കുമ്പോൾ ലോക്കർ ഉപയോഗിക്കുന്നത് പോലെയാണ് പാസേവേഡുകളുടെ ഉപയോഗം. ഓരോ ലോക്കറിനും വ്യത്യസ്ത താക്കോൽ ഉണ്ടായിരിക്കണം. കൂടാതെ, രണ്ട് ഘട്ട പരിശോധന (TwoFactor Authentication 2FA) എല്ലായ്പ്പോഴും സജ്ജമാക്കുക. ഇത് നിങ്ങളുടെ പാസ്‌വേഡ് അറിഞ്ഞാൽ പോലും മറ്റൊരാൾക്ക് നിങ്ങളുടെ അക്കൗണ്ടിൽ പ്രവേശിക്കാൻ കഴിയാതിരിക്കാൻ സഹായിക്കും. വിശ്വസനീയമല്ലാത്ത വെബ്സൈറ്റുകളിൽ നിന്ന് ആപ്ലിക്കേഷനുകൾ ഡൗൺലോഡ് ചെയ്യാതിരിക്കുക. ഇന്റർനെറ്റ് കഫേകളിലോ പൊതുസ്ഥലങ്ങളിലെ വൈഫൈയിലോ പ്രധാനപ്പെട്ട ബാങ്കിംഗ് ഇടപാടുകളോ വ്യക്തിഗത വിവരങ്ങൾ കൈകാര്യം ചെയ്യുന്നതോ ഒഴിവാക്കുക. ആന്റിവൈറസ് സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുകയും അവ കൃത്യമായി അപ്ഡേറ്റ് ചെയ്യുകയും ചെയ്യുക. ഈ ലളിതമായ ശീലങ്ങൾ നമ്മുടെ ഓൺലൈൻ സുരക്ഷയെ വളരെയധികം മെച്ചപ്പെടുത്തും.

## തട്ടിപ്പുകൾ തിരിച്ചറിയാൻ: സൂക്ഷ്മമായ നിരീക്ഷണം

സൈബർ തട്ടിപ്പുകാർ നമ്മുടെ വിവരങ്ങൾ തട്ടിയെടുക്കാൻ പല വഴികളും ഉപയോഗിക്കും. അവരെ തിരിച്ചറിയാനുള്ള കഴിവ് നാം വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. ഒരു വേട്ടക്കാരൻ തന്റെ ഇരയെ കെണിയിൽപ്പെടുത്താൻ വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നതു പോലെയാണിത്. ഏറ്റവും സാധാരണമായ രീതികളിലൊന്നാണ് ഫിഷിംഗ് (Phishing). ഇത് ഇമെയിൽ, എസ്എംഎസ് അല്ലെങ്കിൽ വ്യാജ വെബ്സൈറ്റുകളിലൂടെ നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ, പാസ്‌വേഡുകൾ എന്നിവ ചോർത്താൻ ശ്രമിക്കുന്നതാണ്. ബാങ്കുകൾ, സർക്കാർ സ്ഥാപനങ്ങൾ, അല്ലെങ്കിൽ പ്രശസ്ത കമ്പനികൾ എന്നിവയുടെ പേരിൽ വ്യാജ സന്ദേശങ്ങൾ അയച്ച് വിശ്വാസം നേടിയെടുക്കും.

ഒരിക്കൽ എന്റെയൊരു സഹപ്രവർത്തകന് ലോട്ടറി അടിച്ചുവെന്ന് പറഞ്ഞ് ഒരു സന്ദേശം വന്നു. സമ്മാനം ലഭിക്കാൻ ചെറിയൊരു പ്രോസസ്സിംഗ് ഫീസ് അടയ്ക്കണമെന്ന് അതിൽ ആവശ്യപ്പെട്ടിരുന്നു. പണം അയച്ചപ്പോൾ അദ്ദേഹത്തിന് സമ്മാനം ലഭിച്ചില്ലെന്ന് മാത്രമല്ല, ആ നമ്പറിലേക്ക് പിന്നീട് വിളിച്ചിട്ട് കിട്ടിയതുമില്ല. ഇത് ഒരു ലോട്ടറി തട്ടിപ്പായിരുന്നു. ഇത്തരം സന്ദേശങ്ങളിൽ അമിതമായി പ്രേരിപ്പിക്കുന്ന ഭാഷ, അക്ഷരത്തെറ്റുകൾ, അപരിചിതമായ ലിങ്കുകൾ, അവിശ്വസനീയമായ ഓഫറുകൾ എന്നിവ ശ്രദ്ധിക്കുക. ഏതൊരു ഓഫറോ സന്ദേശമോ ലഭിക്കുമ്പോൾ അതിന്റെ ആധികാരികത പരിശോധിക്കാൻ ഒരു നിമിഷം ചെലവഴിക്കുക. അയച്ചയാളുടെ ഇമെയിൽ വിലാസം, വെബ്സൈറ്റിന്റെ URL എന്നിവ ശ്രദ്ധയോടെ നോക്കുക. സംശയം തോന്നിയാൽ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നോ ഫോൺ നമ്പറിൽ നിന്നോ വിവരങ്ങൾ ഉറപ്പുവരുത്തുക.

## പ്രതിരോധവും റിപ്പോർട്ടിംഗും: ഡിജിറ്റൽ പോരാട്ടം

ഓൺലൈൻ തട്ടിപ്പുകൾക്ക് ഇരയാകാതിരിക്കുക എന്നത് മാത്രമല്ല പ്രധാനം, അഥവാ ഇരയായാൽ എങ്ങനെ പ്രതികരിക്കണം എന്നതും അറിഞ്ഞിരിക്കണം. ഒരു രോഗം വന്നാൽ ചികിത്സ തേടുന്നതുപോലെ, സൈബർ തട്ടിപ്പിന് ഇരയായാൽ ഉടനടി നടപടികൾ സ്വീകരിക്കണം. ആദ്യം ചെയ്യേണ്ടത് ബന്ധപ്പെട്ട ബാങ്കിനെയോ സാമ്പത്തിക സ്ഥാപനത്തെയോ അറിയിച്ച് അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്യുക എന്നതാണ്. അതിനുശേഷം, സൈബർക്രൈം വിഭാഗത്തിൽ പരാതി നൽകുക. സൈബർ തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യാൻ പ്രത്യേകം പോർട്ടലുകളും ഹെൽപ്പ് ലൈനുകളും നിലവിലുണ്ട്.

ഒരു ഗ്രാമത്തിലെ ആളുകൾക്ക് ഒരു പകർച്ചവ്യാധി വന്നപ്പോൾ അവർ ഒറ്റയ്ക്ക് മരുന്നുകഴിക്കുന്നതിന് പകരം ആരോഗ്യപ്രവർത്തകരെ അറിയിക്കുകയും സാമൂഹികമായി പ്രതിരോധം തീർക്കുകയും ചെയ്തു. അതുപോലെയാണ് സൈബർ തട്ടിപ്പുകളും. നിങ്ങളുടെ അനുഭവം മറ്റുള്ളവരുമായി പങ്കുവെക്കുന്നത് അവർക്ക് ഇത്തരം തട്ടിപ്പുകളിൽ നിന്ന് രക്ഷനേടാൻ സഹായകമാകും. സോഷ്യൽ മീഡിയയിൽ വ്യക്തിഗത വിവരങ്ങൾ പങ്കുവെക്കുന്നത് പരമാവധി ഒഴിവാക്കുക. നിങ്ങളുടെ അവധിക്കാല യാത്രകൾ, പുതിയ സാധനങ്ങൾ വാങ്ങിയ വിവരങ്ങൾ എന്നിവയൊക്കെ സൈബർ കുറ്റവാളികൾക്ക് നിങ്ങളുടെ വീട് ഒഴിഞ്ഞുകിടക്കുകയാണെന്നോ നിങ്ങൾക്ക് പണമുണ്ടെന്നോ ഉള്ള സൂചന നൽകിയേക്കാം. ഓൺലൈൻ സുരക്ഷയെക്കുറിച്ച് നിരന്തരം പഠിക്കുകയും പുതിയ തട്ടിപ്പ് രീതികളെക്കുറിച്ച് ബോധവാന്മാരാകുകയും ചെയ്യുക. ഓർക്കുക, സൈബർ സുരക്ഷ ഒരു നിരന്തര പ്രക്രിയയാണ്, ഒരു നിമിഷത്തെ ജാഗ്രത പോലും വലിയ നഷ്ടങ്ങൾ ഒഴിവാക്കാൻ സഹായിക്കും.

# പണ്ടോണം



രേഖ സി.ജി.

കാക്കപ്പൂവ് കാശിത്തുമ്പയോടും
കോളാമ്പിപ്പൂവ് ചെമ്പരത്തിയോടും
കിന്നാരം പറഞ്ഞൊന്നിച്ചിരിക്കും.
കൃഷ്ണകീരിടം നടുക്കും
തുമ്പപ്പൂവ് അരികുകളിലും
മലർന്ന് ചിരിക്കും
ചാണകത്തിന്റെ മണവും പേറിവരുന്ന കാറ്റ്
ഉമ്മറത്താകമാനം ഓണമണമുണ്ടാകും.
പണ്ടോണപ്പൂക്കളമങ്ങനെയായിരുന്നു.

ഓണത്തിന് കോടിവസ്ത്രത്തിന്റെ മണമാ!
കോടിവസ്ത്രത്തിന്റെ നൂലെടുത്ത്
ഓണത്തപ്പനെയുടുപ്പിക്കും.
പൊട്ടുകുത്തി ചന്തത്തിൽ കുറിവരച്ച്
ഉമ്മറത്തങ്ങനെ നിറഞ്ഞുനിൽക്കും.
അപ്പോഴെക്കും അടുക്കളയിൽനിന്നും
ഓട്ടടയുടെ മണം ഓടിയെത്തും.
അരിപ്പൊടി കൊണ്ടണിഞ്ഞ
അടുപ്പിൽ നിന്നും ഓട്ടട
ഓണത്തപ്പന്റെ അരികിലെത്തും.
വിളക്കും നിറയും വച്ച് ധൂപമുഴിഞ്ഞ്
പണ്ടോണം കൊള്ളും.

ഏഴരവെളുപ്പിനേഴുന്നേറ്റ് കുളിച്ച്
ഓണത്തപ്പനെ കണിക്കാണും.
പറമ്പിലെ ചക്കയും മത്തനും
കുമ്പളങ്ങയും വെണ്ടയും മുരിങ്ങയും
തലേദിവസംതന്നെ
അടുക്കളയിൽ സ്ഥാനം പിടിച്ചിട്ടുണ്ടാകും.
നിറഞ്ഞുകത്തുന്നയടുപ്പിൽ
തുമ്പപ്പൂ പോലുള്ള ചോറും

സാമ്പാറും കാളനും ഓലനും
തോരനും അവിയലും
കലപില കലപില വച്ച്
അടുക്കള യുദ്ധസമാനമാക്കും.
അവസാനം
പപ്പടം വറുത്ത് ഓണസദ്യ
റെഡിയെന്ന് രുചിമണങ്ങൾ
സകലമാന മുറികളിലുമറിയിക്കും
പണ്ടോണ സദ്യ അടുക്കളയിൽനിന്നും
മുറ്റത്തേയ്ക്കും അയൽപക്കത്തേയ്ക്കിറങ്ങും

വയറുനിറയുമ്പോൾ
അപ്പുറത്തേയും ഇപ്പുറത്തേയും
പൂക്കളം കാണാനിറങ്ങും.
തുമ്പിത്തുള്ളലും ഓണപ്പാട്ടും
ഓണക്കളികളും
വീടുകൾ കടന്ന് കൂട്ടംകൂട്ടമായി നാട്ടിലേയ്ക്കി
റങ്ങും.
ഒന്നരയും കോടിമുണ്ടുമുടുത്ത്
പെണ്ണുങ്ങൾ കുമ്മിയടിക്കും.
തിരുവാതിരപ്പാട്ടും ഓണപ്പാട്ടും
മത്സരത്തിനിറങ്ങും.
കുമ്മാട്ടി നാട്ടിൽ ചുറ്റിയടിക്കും.
പണ്ടോണക്കളികൾ
നാല്ലോണം തീരുന്നതുവരെ കുട്ടികളോടൊപ്പ
മായിരിക്കും

പണ്ടോണോർമകളിൽ നിറയുമ്പോൾ
കാർമേഘചീന്തുകൾ നിറഞ്ഞ
ആകാശത്ത് ഓണനിലാവ്
പരക്കുന്നു.




**കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ**

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച



**മുഹമ്മദ്**
Class 5, MET PUBLIC SCHOOL
NADAPURM




**ഹൈസ മെഹസബീൻ**
2nd-D, MET PUBLIC SCHOOL
NADAPURM



**അഥീന കെ. ഇ**
class 3 B, MET PUBLIC SCHOOL
NADAPURM



**ആമിനത്ത് അംന**
7 A ക്ലാസ്, ME T PUBLIC SCHOOL
NADAPURM



**ഫെല്ല ആഷിർ**
5 A, MET PUBLIC SCHOOL
NADAPURM



**ഫൈഹ ആഷിർ**
3 A, MET PUBLIC SCHOOL
NADAPURM




**ആയിഷ ഹനൂന**
5 A CLASS, MET PUBLIC SCHOOL NADAPURM



**അസ്ബാൻ ഹുസൈൻ**
2 B
ലെമർ പബ്ലിക് സ്കൂൾ,തൃപ്രയാർ




**ജോഷ് വിൻ N.J.**
2 A, St. Marys CBPS School kottekkadu



**എംറിൻ റോസ്. എൻ.ജെ**
Std.5.D
സേക്രഡ് ഹാർട്ട് സ്കൂൾ തൃശൂർ



**ഇവാൻ ലിന്റോ**
I B
St. Mary's C B P School, kottekad




**Sourav .M.K**
5th Std, Sree Vyasa Vidhyanikethan
Puzhakkara, Eramangalam





**അയാൻ മുഹമ്മദ്**
മൂന്നാം ക്ലാസ്
എം.ഇ.ടി. പബ്ലിക് സ്കൂൾ, നാദാപുരം
കോഴിക്കോട്



**ഐറ മറിയം.**
SKG B
എം.ഇ.ടി പബ്ലിക് സ്കൂൾ , നാദാപുരം





**മുഹമ്മദ്. ടികെ**
രണ്ടാം ക്ലാസ്, എം. ഇ. ടി.
പബ്ളിക് സ്കൂൾ, നാദാപുരം



**മുഹമ്മദ് സുന്നൂൻ**
5. B, എം.ഇ.ടി പബ്ളിക് സ്കൂൾ
കല്ലാച്ചി



**ഫാത്തിമ കെ പി**
ക്ലാസ്സ് 5
മള്ഹറുൽ ഉലൂം വടയം,



**ഫാത്തിമ പി ടി**
ക്ലാസ്സ് 4, മള്ഹറുൽ ഉലൂം വടയം



**ഹനാൻ അനസ്**
രണ്ടാം ക്ലാസ്,
എം.ഇ.ടി പബ്ലിക് സ്കൂൾ, നാദാപുരം
കോഴിക്കോട്



**ഇസ റോസ് ലിന്റോ**
IV A
St. Mary's C B P School, kottekad.

## ജ്ഞാനപ്പുര

അറിവിനെ കൊണ്ട്
അമ്മാന മാടുന്ന
ജ്ഞാനോദയമാണെൻ
വിദ്യാലയം

പെറ്റമ്മ പോറ്റിയ പോൽ
എന്നെ വിദ്യാസമ്പന്നനാക്കി
പൊട്ടിയതെന്റെ
മാതൃഭാഷ

സരളമായുള്ള
സുന്ദരപദങ്ങളാൽ
നിറഞ്ഞൊഴുകുന്നതാണ്
ഞങ്ങളുടെ ഗ്രന്ഥവാരം

വശ്യമാർന്ന ഈണങ്ങളിലും
വിവിധ രാഗങ്ങളിലും
വിസ്മയം തീർക്കുന്നതാണെൻ
പദ്യലോകം

പഠ്യേതര പ്രവർത്തനങ്ങളാൽ
ഇളം മനസ്സുകളിൽ
നന്മ വിതറാനും
തിന്മക്ക് തരിശു വീഴ്ത്താനും
കെൽപ്പുള്ളതാണെൻ വിദ്യാലയം

**മുഹമ്മദ് റസൽ എ പി, പാങ്ങ്**
**മഅദിൻ സ്കൂൾ ഓഫ് എക്സലൻസ്**

## റോസാപ്പൂ

പൂവേ പൂവേ റോസാ പൂവേ
നിന്നെ കാണാനെന്തു ചേല്
കൊണ്ടു നടപ്പു മുള്ളുകൾ
എന്തിനു വേണ്ടി ചൊല്ലിടു
എന്നെ നോവിക്കില്ലാരുംേ
തൊട്ടാൽ നോവും
നീയും അതുപോൽ
ആവണം തൊട്ടാവാടി കുഞ്ഞേ

**ആരാധ്യ വർമ്മ** CK
6 A, Anmmups തളി

## നാവ്

സൂക്ഷിച്ചില്ലെങ്കിൽ ദുഃഖിക്കേണ്ടിവരും.
ചെറുകാര്യത്തിനു പോലും
നാം പല അസഭ്യവും വിളിച്ചു പറയും .
ഉപയോഗിക്കുമ്പോൾ സൂക്ഷിക്കുക.

നന്മക്കും തിന്മക്കും ഒരുപോലെ ഉപയോഗിക്കാൻ സാധ്യമായത്.
ബന്ധത്തെ മുറിക്കാനും ,ചേർത്തുനിർത്താനും സാധിക്കും
ഭക്ഷണത്തിൻ രുചി അറിയാനും ഒറ്റപ്പെടലിൽ കൈപ്പിനെയും തിരിച്ചറിയാനും അവനാൽ സാധ്യമാണത്.

**അഷ്മിൽ വെള്ളലശ്ശേരി**
സൈൻ ഐ .എ .എഫ് .എസ്
9 തരം വിദ്യാർത്ഥി

## പൂവ്

പൂവേ പൂവേ
നിന്നെ കാണാൻ എന്ത് ഭംഗി
നിന്നിൽ വന്നിരിക്കും
പൂമ്പാറ്റകൾക്കും എന്ത് ഭംഗി
നിന്നെ ആരും നുള്ളിയെടുക്കാതിരിക്കാൻ
ആണോ ഈ മുള്ളുകൾ
പൂവേ പൂവേ കൊച്ചു സുന്ദരി
നീ എന്തേ നാണിച്ചു
നിൽപ്പൂ

**ദ്വിവിക് വർമ്മ** CK
2 A
Anmmups തളി